25 years

Kandanad

Diocesan BULLETIN

A PUBLICATION OFTHE KANDANAD EAST DIOCESE OFTHE MALANKARA ORTHODOX SYRIAN CHURCH

Vol. 4 No. 1, 15 January 2016

എഡിറ്റോറിയൽ

# കാലാവസ്ഥ അനുകൂലം : വെല്ലുവിളി ഏറ്റെടുക്കുമോ?

കേരള സർക്കാരിന്റെ മദ്യനയത്തെ സുപ്രീംകോടതി ശരിവച്ചിരിക്കുകയാണല്ലോ. മദ്യോപഭോഗം കുറച്ചുകൊണ്ടുവന്ന് ഒടുവിൽ പൂർണ്ണമായി ഇല്ലാതാക്കുകയാണ് സർക്കാരിന്റെ നയം. ഇക്കാര്യത്തിലുള്ള സർക്കാരിന്റെ ആത്മാർത്ഥത ആദ്യമൊക്കെ സംശയകരമായിരുന്നെങ്കിലും കോടതി ആ നയം അംഗീകരിച്ചതോടെ സർക്കാരിന് അതിൽ നിന്ന് ഒരുതരത്തിലും പിന്തിരിയാൻ കഴിയാത്ത അവസ്ഥ സംജാതമായിട്ടുണ്ട്. ഈ അനുകൂല സാഹചര്യത്തിൽ മദ്യനിർമ്മാർജ്ജന വിഷയത്തിൽ സഭ എങ്ങനെ സഹകരിക്കുമെന്ന് ചർച്ച ചെയ്ത് തീരുമാനിക്കേണ്ടത് അടിയന്തര പ്രാധാന്യം അർഹിക്കുന്നു. ഈ വിഷയം ഇതര സഭകളും, മതങ്ങളും സന്നദ്ധ സംഘടനകളുമെല്ലാമായി ആലോചിച്ചു നീങ്ങുന്നത് കൂടുതൽ ഫലപ്രദമായിരിക്കും.

മദ്യത്തിന്റെ ലഭ്യത കുറയ്ക്കാൻ വേണ്ടിയാണ് ബാർ ലൈസൻസ് പഞ്ചനക്ഷത്ര ഹോട്ടലുകൾക്കു മാത്രമായി നൽകിയതെന്ന സർക്കാരിന്റെ നിലപാട് ഹൈക്കോടതിയുടെ സിംഗിൾ-ഡിവിഷൻ ബഞ്ചുകൾ നേരത്തെ ശരിവച്ചതാണ്. അതിന്മേലാണ് മറ്റു ബാറുടമകൾ സുപ്രീം കോടതിയിൽ അപ്പീൽ സമർപ്പിച്ചത്. അതിലുണ്ടായ തീർപ്പാണ് ഹൈക്കോടതി വിധി ശരിവച്ചുകൊണ്ട് ഇപ്പോൾ ഉണ്ടായിരിക്കുന്നത്. സർക്കാരിന്റെ നിലപാട് ശരിവച്ചതോടൊപ്പം അതിനേക്കാൾ പ്രധാനമായ ഒരു നിരീക്ഷണം കൂടി സ്പ്രീം കോടതി നടത്തിയിട്ടുണ്ട്. ജനാധിപത്യ രീതിയിൽ തിരഞ്ഞെടുക്കപ്പെട്ട ഒരു സർക്കാരിന് അതിന്റെ നയങ്ങൾക്കനുസൃതമായ നിയമങ്ങൾ നിർമ്മിക്കുവാനും നടപ്പിലാക്കുവാനുമുള്ള അധികാരമുണ്ടെന്നും, അതില്ലാത്തപക്ഷം ജനാധിപത്യം സാർത്ഥകമാവുകയില്ലെന്നുമാണ് കോടതിയുടെ നിലപാട്. നിയമനിർമ്മാണസഭകൾ ഭരണഘടനാനുസൃതമായി പാസാക്കുന്ന നിയമങ്ങൾ അസ്ഥിരപ്പെടുത്തുക കോടതിയുടെ അധികാരപരിധിയിൽ വരുന്നില്ലെന്നാണ് ഇതിന്റെ പൊരുൾ.

അങ്ങനെ കേരളത്തിലെ യു.ഡി.എഫ്. സർക്കാരിന്റെ മദ്യനയത്തിന് ചോദ്യം ചെയ്യപ്പെടാൻ കഴിയാത്ത വിധമുള്ള കോടിയംഗീകാരം ലഭിച്ചിരിക്കുന്നു. പണക്കാർക്കുമാത്രം മദ്യം കുടിച്ചാൽ മതിയൊ എന്നും മറ്റുമുള്ള വിമർശനങ്ങൾക്ക് മേലിൽ യാതൊരു പ്രസക്തിയുമില്ല. ഇപ്പോഴത്തെ സർക്കാരിനോ, ഭാവിയിൽ ഇവിടെ ഉണ്ടാകാൻ പോകുന്ന സർക്കാരുകൾക്കോ മദ്യോപഭോഗ നിയന്ത്രണത്തിന് സ്വീകരിച്ച ഈ നടപടിയിൽ നിന്നും പിന്മാറാൻ സാധിക്കുമെന്നു തോന്നുന്നില്ല.

മദ്യപാനം ഇത്രമാത്രം വ്യാപമാകുവാനും മദ്യവ്യവസായം ഇത്രയ്ക്ക് പൊടിപൊടിക്കാനും കാരണം മുൻസർക്കാരുകളുടെ ദീർഘവീക്ഷണമില്ലായ്മയാണ്. സമൃദ്ധവും, അനായാസകരവുമായ ഒരു റവന്യൂ വരുമാനമാർഗ്ഗമെന്ന നിലയിൽ മദ്യോല്പാദനത്തെയും വ്യവസായത്തെയും മുൻസർക്കാരുകൾ പ്രോത്സാഹിപ്പിച്ചു പോന്നു. നാട്ടിലെങ്ങും മദ്യവില്പനശാലകൾ നിരന്നു. മദ്യം എവിടയുമൊഴുകി. മദ്യലഹരിയിൽ ജനം ആറാടി. അഴിമതിയും കുറ്റകൃത്യങ്ങളും, നിയമലംഘനവുമെല്ലാം നാട്ടുനടപ്പായി. സ്വൈരജീവിതം തകർന്നു. കുടുംബങ്ങൾ കലഹക്കളരികളായി. കുടിയന്മാർക്കല്ലാതെ ജീവിക്കാൻ കഴിയാത്ത കാലമായി. ബസ്സിൽ പോലും യാത്രചെയ്യാൻ വയ്യെന്നു വന്നു. ഞങ്ങളുടെ പണം കൊണ്ടല്ലേ ഉദ്യോഗസ്ഥർ ശമ്പളം പറ്റുന്നതെന്നും

## EDITORIAL BOARD

*President*
**H. G. Dr. Thomas Mar Athanasius**
Metropolitan

*Chief Editor*
**Fr. Abraham Karammel**

*Mg.Editor*
**Mr. P. J. Varghese**

*Associate Editors*
**Fr. Kochuparambil Geevarghese Ramban**
**Fr. Aby Ulahannan**

*Technical Adviser*
**Mr. George Paul**

*Members*
**Fr. Marydas Stephen**
**Fr. Alias Kuttiparichel**
**Fr. Shibu Kurian**
**Prof. Dr. M. P. Mathai**
**Mr. A. G. James**
**Mrs. Jiji Johnson**

www.kandanadeast.org


## ഉള്ളടക്കം


പേജ്

എഡിറ്റോറിയൽ
**കാലാവസ്ഥ അനുകൂലം:**
**വെല്ലുവിളി ഏറ്റെടുക്കുമോ?** ...................... 1

**നീതി സംരക്ഷണ സംവിധാനം:**
**ചില നിരീക്ഷണങ്ങൾ** ................................ 3
ഡോ. തോമസ് മാർ അത്താനാസ്യോസ്

**ക്ഷണഭംഗുരമായ വിവാഹബന്ധങ്ങൾ** ........... 6
ഫാ. പി. എ. ഫിലിപ്പ്

**അനുഭവങ്ങൾ,വീക്ഷണങ്ങൾ,**
**വിശദീകരണങ്ങൾ** ....................................... 9
ഫാ. എബ്രാഹാം കാരാമ്മേൽ

AN ORTHODOX CHRISTIAN APPROACH TO HEALING THE POST TRAUMATIC SPIRITUAL DISORDER OF CONTEMPORARY HUMANITY.......................................11
Rev. Dn. Stephen Muse, PhD, LMFT, CCMHC, BCETS

**വാർത്തകൾ, അറിയിപ്പുകൾ** .............. 15-16


ഭരണചക്രം അനങ്ങുന്നതെന്നുമൊക്കെ നേരെ ചോദിക്കാൻ മാത്രം കുടിയന്മാർ ധിക്കാരം പൂണ്ടു. ഇതെല്ലാം മദ്യനയം സംബന്ധിച്ച് ഒരു പുനർ ചിന്തനത്തിന് സർക്കാരിനെ നിർബന്ധിതമാക്കി. അതിന്റെ ഫലമായിട്ടാണ് പടിപടിയായിട്ടെങ്കിലും മദ്യനിരോധനം കൊണ്ടുവരുവാൻ സർക്കാർ തീരുമാനിച്ചത്. കെ. പി. സി. സി. പ്രസിഡന്റ് വി. എം. സുധീരന്റെ ഉറച്ചനിലപാട് ഇക്കാര്യത്തിൽ നിർണ്ണായകമായി. ഒടുവിലിതാ പഞ്ചനക്ഷത്ര ഹോട്ടലുകളിൽ മാത്രമായി വിദേശ മദ്യവില്പന ഒതുങ്ങി. മദ്യവില്പന കുറയ്ക്കുവാനുള്ള നീക്കത്തിന് പരമോന്നത നീതിപീഠത്തിന്റെ അനുമതിയുമായി.

മദ്യോപഭോഗ നിയന്ത്രണ ശ്രമത്തിലെ വില്ലൻ വ്യാജ മദ്യമാണ്. അംഗീകൃത മദ്യത്തിന്റെ ലഭ്യത കുറയുമ്പോൾ വ്യാജനെവിടെയും തലപൊക്കും. കുടുംബം വിറ്റും അതു ജനം വാങ്ങി അകത്താക്കും. പിന്നെ അതിന്റെ വീറുകാണിക്കും. ഇതു നിയന്ത്രിക്കാൻ നിർണ്ണായക പങ്കു വഹിക്കേണ്ടത് എക്സൈസ്-പോലീസ് വകുപ്പുകളാണ്. അവരുടെ ഈ വിഷയത്തിലുള്ള ആത്മാർത്ഥതയാണ് നിർണ്ണായകം. വേലി തന്നെ വിളവു തിന്നുന്ന അവസ്ഥ. ഒരുപഴയ സംഭവം ഓർത്തുപോവുകയാണ്. 1963-ലെ പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ വൈരമണി ട്രൈബൽ സ്കൂളിലായിരുന്നു എനിക്ക് ഡ്യൂട്ടി. തൊടുപുഴയിൽ നിന്ന് 85 കി.മീറ്റർ കിഴക്ക് സഹ്യന്റെ ശിഖരത്തിൽ, വനമധ്യത്തിലുള്ള ഒരു ആദിവാസി കേന്ദ്രം. അവിടെയെത്താൻ കാട്ടാനക്കൂട്ടങ്ങളുടെ കണ്ണുവെട്ടിച്ചുവേണമായിരുന്നു. ദുർഘടമായ യാത്രയിലെ അപകടമോർത്ത് ഒരു ജീപ്പും, തോക്കുധാരികളായ 4 പോലീസുകാരെയും ഞങ്ങൾക്ക് സ്പെഷ്യലായി അനുവദിച്ചു തന്നു. ചുരുക്കാം. പിറ്റേന്ന് പോളിങ് കഴിഞ്ഞ് തിരികെ പോരാറായപ്പോഴേക്കും തോക്കുകളുടെ കൂടെ പോലീസുകാരെയും വാരിക്കൂട്ടി ജീപ്പിലിട്ടു കൊണ്ടുപോരേണ്ടതായി വന്നു. വൈരമണിയിലെ ആദിവാസി വാറ്റുചാരായത്തിന്റ വീര്യത്തിൽ ഞങ്ങൾ-പോളിങ് സ്റ്റാഫിന്-ഒരു സംശയത്തിനും അവകാശമില്ലായിരുന്നു. ഇത്തരം ആത്മാർത്ഥതയും പ്രതിബദ്ധതയുമുള്ള പോലീസ് സേനയുള്ളപ്പോൾ ഏതു നിരോധനമാ ഇവിടെ നടക്കുക!

ഘട്ടം ഘട്ടമായി സമ്പൂർണ്ണ മദ്യനിരോധനത്തിന് ഭരണകൂടം സന്മനസ്സു കാണിച്ചിരിക്കുന്ന സാഹചര്യത്തിൽ സഭ എങ്ങനെ സഹകരിക്കണമെന്നതാണ് നമ്മുടെ ചിന്താവിഷയം. മദ്യനിരോധ-മദ്യവർജ്ജനരംഗത്ത് പുരാതന സഭകൾക്ക് ക്രിയാത്മകമായി ഒന്നുംതന്നെ ചെയ്യാൻ കഴിഞ്ഞിട്ടില്ലെന്നതാണ് സത്യം. കുറെ പ്രസംഗവും ധ്യാനവും എഴുത്തും, റാലിയുമൊക്കെ നടത്തിയിട്ടുണ്ടാകും. ചിലപ്പോൾ നിരാഹാരവും പ്രാർത്ഥനായജ്ഞവും അനുഷ്ഠിച്ചിട്ടുണ്ടാകും. തീർന്നു. കുടിയൻമാരുടെ സംഖ്യ കുതിച്ചുയരുന്നു. എന്നാൽ ചില നവീകരണ സഭകളും റിവൈവൽ ഗ്രൂപ്പുകളുമൊക്കെ ഈരംഗത്ത് എടുത്തു പറയേണ്ട സേവനം നടത്തിയിട്ടുണ്ട്. തങ്ങളുടെ അനുയായികളെ മദ്യപാന വിപത്തിൽ നിന്ന രക്ഷിക്കുവാൻ അവർക്ക് സാധിച്ചിട്ടുണ്ട്. എന്നാൽ ഇതിന് പാരമ്പര്യ സഭകൾക്ക് എന്തുകൊണ്ടു കഴിയുന്നില്ല

(*ശേഷം 5-ാം പേജിൽ*)

മെത്രാപ്പോലീത്തായുടെ കത്ത്

# നീതി സംരക്ഷണ സംവിധാനം : ചില നിരീക്ഷണങ്ങൾ

മനുഷ്യന്റെ പ്രാഥമികമായ നിലനില്പ് ഒരു വ്യക്തി എന്ന നിലയിലാണ്. എന്നാൽ അയാൾ ജീവിക്കുന്നത് ഒരു സമൂഹത്തിലാണ്. ഒരു വ്യക്തി എന്ന നിലയിൽ സമൂഹത്തിൽ സ്വതന്ത്രനായി ജീവിക്കുവാൻ പ്രകൃതി തന്നെ നല്കിയിരിക്കുന്ന ചില സ്വാതന്ത്ര്യങ്ങളുണ്ട്. ഒരു കൃശഗാത്രനായ കാക്ക കരുത്തനായ ഒരു പരുന്ത് അതിന്റെ വാസാതിർത്തിയിൽ പ്രവേശിച്ചാൽ കൊത്തിയോടിക്കുന്നത് കണ്ടിട്ടില്ലേ? ഇത് ഒരു വലിയ പാഠം നമ്മെ പഠിപ്പിക്കുന്നു.. എത്ര കരുത്തനായിരുന്നാൽ തന്നെയും ചെറിയവന്റെ സ്വാതന്ത്ര്യത്തിൽ അതിക്രമിച്ചു കടക്കാൻ പ്രകൃതി അനുവദിക്കുന്നില്ല. കടന്നാൽ തുരത്തപ്പെടുമെന്നാണ് പ്രകൃതി നല്കുന്ന പാഠം. അല്ലെങ്കിൽ പരുന്തെന്തിന് പറവയെ ഭയപ്പെടേണ്ടി വരുന്നു ? ഈ പ്രകൃതി നിയമംപോലും വിവേകിയായ മനുഷ്യൻ മിക്കപ്പോഴും ലംഘിക്കുന്നതായിട്ടാണ് കണ്ടുവരുന്നത്. ജീവനും ശരീരവും സംരക്ഷിക്കുക, ഭക്ഷണം തേടുക, കിടപ്പിടം സംരക്ഷിക്കുക, കുടുംബത്തെ പരിപാലിക്കുക എന്നിവയ്ക്കുള്ള അവകാശം പ്രകൃതി നൽകുന്ന സ്വാതന്ത്ര്യങ്ങളാണ്. സമൂഹ ജീവിയായ മനുഷ്യന് സമൂഹാംഗം എന്ന നിലയിൽ ചില പൗരാവകാശ സ്വാതന്ത്ര്യങ്ങളുണ്ട്. സമൂഹത്തിൽ ഉത്തരവാദിത്തത്തോടും പ്രതികരണശേഷിയോടും കൂടി കഴിയുവാൻ ഇടവും സാധ്യതയും വേണം. ഇതിനുള്ള അവകാശ-സ്വാതന്ത്ര്യങ്ങൾ ഒരു സാഹചര്യത്തിലും നഷ്ടപ്പെട്ടുകൂടാ. അതുപോലെ പൊതുസമൂഹം ഭാഷയുടെയോ, തൊഴിലിന്റെയോ, മതത്തിന്റെയോ സാമ്പത്തിക നിലയുടെയോ അടിസ്ഥാനത്തിൽ വിഭക്തമാണ്. ഇവയ്ക്കും നിലനില്പിനും നിയമപരിധിക്കുള്ളിൽ പ്രവർത്തിക്കുന്നതിനും സ്വാതന്ത്ര്യമുണ്ട്. എന്നാൽ വ്യക്തിയുടെയോ, ഉപസമൂഹത്തിന്റെയോ മേൽപറഞ്ഞ തരത്തിലുള്ള സ്വാതന്ത്ര്യാവകാശങ്ങൾ ധ്വംസിക്കപ്പെടുന്ന സാഹചര്യങ്ങൾ ഉണ്ടാകാം. എങ്കിലും അതിനുകാരണമാക്കുന്ന വ്യക്തിക്കോ സംഘത്തിനെ എതിരെ തിരിച്ചടിക്കാൻ ആർക്കും അവകാശമില്ല. നീതിപീഠവും ഭരണകൂടവും ചേർന്നാണ് ഒരു ജനാധിപത്യവ്യവസ്ഥയിൽ നീതിപാലനം നടത്തുന്നത്. തീർച്ചയായും ഒരു കുറ്റാരോപിതന് തന്റെ ന്യായം ഉന്നയിക്കാനും നിയമപരമായി ആരോപണങ്ങളെ പ്രതിരോധിക്കുവാനും സ്വയം സംരക്ഷിക്കുന്നതിനുമുള്ള അവകാശം നിഷേധിക്കപ്പെടുന്നില്ല.. എന്നാൽ നീതി നടപ്പാക്കലും ആരോപിതന്റെ അവകാശപാലനവും വേണ്ട വിധം നടക്കുന്നില്ല എന്ന പരാതി വ്യാപകമാണ്. കോടതിയിൽ നിന്നുണ്ടാകുന്ന വിധികൾ ഭരണസംവിധാനത്തിന്റെ സഹകരണത്തോടെ പലപ്പോഴും അട്ടിമറിക്കപ്പെടുന്നു. സഭാകേസിൽ പള്ളികൾക്കു ലഭിക്കുന്ന വിധികൾ നടപ്പിലാകാതെ പോകുന്നത് ഇതിന് ഉദാഹരണമാണ്. ആരോപണ വിധേയരായി ദീർഘകാലം തടവിൽ കിടക്കേണ്ടി വരുന്നവരുടെ എണ്ണവും കുറവല്ല. ഇവിടെയെല്ലാം നടക്കുന്നത് അടിസ്ഥാന മനുഷ്യാവകാശ ലംഘനമാണ്. ഈ സാഹചര്യത്തിൽ നിയമവാഴ്ചയും അടിസ്ഥാന മനുഷ്യാവകാശങ്ങളും നീതിയും സംരക്ഷിക്കപ്പെടാൻ തക്ക വിധം നീതി ന്യായ സംവിധാനത്തെ പരിഷ്ക്കരിക്കേണ്ടതിനെപ്പറ്റി അവധാനപൂർവ്വം ചിന്തിക്കേണ്ടതുണ്ട്..

ജനാധിപത്യ സംവിധാനത്തെ കുറ്റമറ്റതാക്കുന്നതിൽ ജുഡീഷ്യറിക്കുള്ള പങ്ക് നിർണ്ണായകമാണ്. രാജ്യത്തെ ഓരോ പൗരന്റെയും സാമൂഹ്യഘടകത്തിന്റെയും അവകാശ സ്വാതന്ത്ര്യങ്ങൾ ഉറപ്പാക്കുക, അതുവഴി ജനാധിപത്യ സംവിധാനത്തെ നീതിപൂർവ്വകമാക്കുക എന്നിവയെല്ലാം ജുഡീഷ്യറിയുടെ കർത്തവ്യങ്ങളാണ്. ഈ ചുമതലകളെല്ലാം വേണ്ട വിധം പാലിക്കപ്പെടാതിരുന്നാൽ കയ്യൂക്കുള്ളവരുടെ അക്രമങ്ങൾ, ഭൂരിപക്ഷത്തിന്റെ തേർവാഴ്ച, രാഷ്ട്രീയ-സാമ്പത്തിക പിൻബലമുള്ളവരുട ചൂഷണം എന്നിവ നിർബ്ബാധം നടക്കും. എന്നാൽ ആരോപണവിധേയരാകുന്നവർക്ക് അവരുടെ നിഷ്ക്കളങ്കത തെളിയിക്കുവാനുള്ള അവസരം നല്കുന്നതിനുള്ള ഉത്തരവാദിത്തവും നീതിന്യായ പീഠത്തിന് ഉണ്ട്. ഇതുവേണ്ടപോലെ നടക്കുന്നില്ല എന്ന വിമർശനവും അടുത്ത കാലത്ത് ശക്തിപ്പെട്ടിട്ടുണ്ട്.

ജനാധിപത്യം നിലവിൽ വന്നത് സ്വേച്ഛാധിപത്യ ഭരണത്തോടുള്ള ജനത്തിന്റെ പ്രതികരണമായിട്ടായിരുന്നു. സ്വേച്ഛാധിപതികൾക്ക് ജനക്ഷേമ തത്പരരായി നാടു ഭരിക്കാമായിരുന്നു. എന്നാൽ മിക്കപ്പോഴും ജനനന്മയായിരുന്നില്ല അവരുടെ പ്രാഥമിക ഭരണലക്ഷ്യം. പ്രത്യുത, സ്വന്തം മഹത്വം, അധികാരം, സമ്പത്ത്, സുഖലോലുപത്വം എന്നിവയായിരുന്നു. ജനാധിപത്യം നിലവിൽ വരികയായിരുന്നു അതിനുള്ള പ്രതിവിധി. എന്നാൽ ജനാധിപത്യ സംവിധാനത്തിലും അനീതി സാധാരണമായിത്തീർന്നു. ഇതു നിയന്ത്രിക്കാനും ജനാധിപത്യം അർത്ഥവത്താക്കാനും ആയിട്ടാണ് സ്വതന്ത്രമായ ജുഡീഷ്യറിനിലവിൽ വന്നത്. ന്യായാധിപൻമാർക്ക് നിയമം, ന്യായം, നീതി എന്നിവയോടുള്ള ശക്തമായ വിധേയത്വമാണ് ജുഡീഷ്യറിയെ

കുറ്റമറ്റതാക്കുന്നത്. നിയമവാഴ്ച യാഥാർത്ഥ്യമാക്കുന്നതിൽ നീതിപാലന സംവിധാനത്തിനുള്ള പങ്ക് അതുല്യമാണ്.

ജനാധിപത്യ സംവിധാനത്തിൽ ഭൂരിപക്ഷപാർട്ടിയോ മുന്നണിയോ സർക്കാർ രൂപീകരിക്കുന്നതോടെ അതിന്റെ നിലപാടും താല്പര്യവും ചായ്‌വുമൊക്കെ ഭരണത്തിൽ പ്രകടമാകുന്നു. ഭരണഘടനയുടെ ചട്ടക്കൂടിൽ നിന്നുകൊണ്ടുപോലും അനീതി പ്രവർത്തിക്കുവാനുള്ള സാധ്യതകൾ ഏറെയുണ്ട്. എന്നാൽ ഇവക്കെല്ലാം തടയിടുവാൻ സാധ്യമാകുന്നത് ജുഡീഷ്യറിയുടെ ജാഗ്രത ഒന്നുകൊണ്ടുമാത്രമാണ്. എന്നാൽ കോടതി ശ്രദ്ധിച്ചാലും നീതിപാലനം നടക്കാതിരിക്കാൻ- അനീതിനിലനില്ക്കാൻ-ഭരണകൂടം നിയമം സൃഷ്ടിക്കുന്ന സാഹചര്യമുണ്ട്. ഷാബാനുകേസിൽ സുപ്രീംകോടതി വിവാഹമോചനത്തിന് വിധേയയായ ആ സാധു മുസ്ലീം വനിതയുടെ സംരക്ഷണത്തിനെത്തി. അവരുടെ അവകാശങ്ങൾ സ്ഥാപിച്ചു കൊടുക്കാൻ കോടതി വിധി നൽകി. എന്നാൽ അത് അട്ടിമറിക്കാനായി സർക്കാർ മുസ്ലീം സമുദായത്തിന്റെ വ്യക്തിനിയമസംഹിത (ശരി അത്ത്) യ്ക്ക് പ്രാബല്യം നല്കി ആ സ്ത്രീക്ക് നീതി നിഷേധിച്ചു. അതുവഴി അങ്ങനെയുള്ള മറ്റനേകർക്കും. നിയമം സൃഷ്ടിക്കുന്നത് ഭരണകൂടമായതിനാൽ വോട്ടുബാങ്കുകളെ പ്രീണിപ്പിച്ച് ന്യായം തകർക്കുന്ന ജനാധിപത്യം നിലനില്ക്കുന്നത് ജുഡീഷ്യറിക്ക് എന്നും ഭീഷണിയാണ്. നീതിന്യായ വ്യവസ്ഥിതിയെ നിർവ്വീര്യമാക്കുവാൻ രാഷ്ട്രീയ സംവിധാനത്തിനുള്ള വ്യഗ്രത നിലനില്ക്കുന്നിടത്തോളം കാലം സ്വതന്ത്രമായ നീതി പാലനം സാധ്യമല്ല. അതായത് ജുഡീഷ്യറി സ്വതന്ത്രമായാൽ മാത്രം പോരാ. ഭരണകൂടം അതിനെ നീതിപൂർവ്വം പ്രവർത്തിക്കുന്നതിന് അനുവദിക്കുകയും പിന്തുണക്കുകയും വേണം. കോടതി വിധികൾ രാഷ്ട്രീയ ലക്ഷ്യത്തോടെ അപ്രസക്തമാക്കുന്നത് വലിയ നീതി പ്രതിസന്ധിയാണ് സൃഷ്ടിക്കുന്നത്.

ജുഡീഷ്യറിയുടെ നീതിപൂർവ്വമായ പ്രവർത്തനത്തിന് ന്യായാധിപന്മാരുടെ തെരഞ്ഞെടുപ്പ് രീതി നിർണ്ണായകമാണ്. രാഷ്ട്രീയക്കാർക്കു തെരഞ്ഞെടുപ്പ് നിയന്ത്രിക്കാനാവുന്ന സംവിധാനത്തിൽ അവരോടു വിധേയത്വമുള്ളവർ ന്യായാധിപരാകും. അവരോടുള്ള കൂറ് പിന്നീടുള്ള അവരുടെ പ്രവർത്തനങ്ങളിൽ പ്രതിഫലിക്കുകയും ചെയ്യും. തെരഞ്ഞെടുപ്പിൽ സഹായിച്ചവരുടെ താല്പര്യങ്ങളും രാഷ്ട്രീയലാക്കുകളും അനുസരിച്ചുള്ള വിധികളാണ് അക്കൂട്ടരിൽ നിന്നുണ്ടാകുവാൻ സാധ്യതയുള്ളത്. അതുകൊണ്ട് നിയമജ്ഞാനവും, നീതിബോധവും ന്യായധർമ്മങ്ങളോട് പ്രതിബദ്ധതയുമുള്ളവർ ന്യായാധിപരായെങ്കിൽ മാത്രമെ കോടതിവിധികൾ സത്യസന്ധവും നീതിപൂർവ്വവും മനുഷ്യത്വപരവുമാകുകയുള്ളു. ജുഡീഷ്യറിയിൽ നിന്ന് അടുത്തകാലത്ത് വിരമിച്ച പലരുടെയും പേരിൽ അഴിമതിയാരോപണങ്ങളും കോടതിക്കേസുകളുമുണ്ടായത് ശ്രദ്ധിക്കപ്പെടേണ്ട കാര്യമാണ്. ജുഡീഷ്യറിയുടെ തരംതാഴലിനെയാണ് അത് സൂചിപ്പിക്കുന്നത്. നാട്ടിൽ നീതി പുലരണമെങ്കിൽ നിർഭയരായ, നീതിബോധമുള്ള, നിസ്വാർത്ഥരായവർ ജുഡീഷ്യറിയുടെ കാവൽക്കാരായി വരണം, ജാതി, മതം, പ്രത്യയശാസ്ത്രം, സംവരണഘടകങ്ങൾ, രാഷ്ട്രീയ ചായ്‌വ് മുതലായവയൊന്നും ന്യായാധിപരുടെ തെരഞ്ഞെടുപ്പിൽ സ്വാധീനം ചെലുത്തിക്കൂടാ. അർഹരും യോഗ്യരുമായവർ മാത്രം ന്യായാസനത്തിൽ എത്തത്തക്കവിധം അവരുടെ തെരഞ്ഞെടുപ്പു പ്രക്രിയയെ പരിഷ്ക്കരിക്കേണ്ടതുണ്ട്. ശക്തവും നീതിനിഷ്ഠവുമായ ഒരു ജുഡീഷ്യറിയെ നിലനിർത്തുന്നതിന് അതാവശ്യമാണ്..

പണവും സ്വാധീനവുമുള്ളവർക്ക് ഏത് അഴിമതിയും അക്രമവും നടത്തിയാലും ശിക്ഷയിൽ നിന്ന് ഒഴിവായിപ്പോരാമെന്നുള്ള ധാരണ ഇന്ന് പരക്കെ ഉണ്ട്. ജുഡീഷ്യറിയെപ്പറ്റിയുള്ള അവിശ്വാസ്യതയിലേക്കും അതിന്റെ പ്രവർത്തന അപചയത്തിലേക്കുമാണ് ഇത് ചൂണ്ടുന്നത്. ഇതിന് പ്രത്യക്ഷമായ ഒരു തെളിവാണ് നടൻ സൽമാൻ ഖാനെ കുറ്റവിമുക്തനാക്കിക്കൊണ്ട് മുംബൈ ഹൈക്കോടതിയുടെ ഈയിടെ ഉണ്ടായവിധി. അമിതമായി മദ്യപിച്ച് വണ്ടിയോടിച്ച് കയറ്റി നിരത്തുവക്കിൽ കിടന്ന മനുഷ്യരെ അരച്ചുകൊന്നിട്ടും അയാൾ ചെയ്തത് ശിക്ഷാർഹമായ കുറ്റകൃത്യമായി കോടതി കണ്ടില്ല. ദരിദ്രന്റെ ജീവന് അത്രയേ വിലയുള്ളൂ. റോഡരികിൽ കിടന്നുറങ്ങുന്നവർ നായ്ക്കളാണ് എന്നാണ് ഉത്തരേന്ത്യൻ സിനിമാഗായകൻ അഭിജിത്തിന്റെ പ്രതികരണം. തെരുവുനായ്ക്കളുടെ ജീവന്റെ നേർക്കുള്ള പരിഗണന പോലും ഖാന്റെ വണ്ടിക്കടിയിൽപ്പെട്ടുമരിച്ച മനുഷ്യരുടെ നേർക്കുണ്ടായില്ല എന്നതാണ് സത്യം. സൽമാന്റെ വിമോചനം ആഹ്ലാദത്തിമിർപ്പോടെയാണ് ജനം സ്വാഗതം ചെയ്തത്! വിധിയും അതിനുള്ള സ്വീകരണവും ഒന്നിനൊന്നു മെച്ചം! തെരുവുവക്കിൽ കിടന്നുറങ്ങുന്ന പാവപ്പെട്ടവരുടെ ജീവന്റെ വിലയെക്കുറിച്ച് ഇന്നത്തെ നീതിന്യായക്കോടതിയുടെ മതിപ്പാണ് ആ വിധിയിൽ നിഴലിച്ചത്. ഈ നിലയ്ക്ക് കോടതിവിധികളിലെ ന്യായ-നൈതീക പരിഗണന വിമർശനത്തിനു വിധേയമാകുന്നെങ്കിൽ അത്ഭുതപ്പെടാനൊന്നുമില്ല എന്ന നിലയായിട്ടുണ്ട്.

ഇന്ന് കോടതിവിധികൾ കാലവിളംബം കൂട്ടാതെ ഉണ്ടാകാറില്ല. ഗൗരവതരമായ കൊല, അഴിമതി ക്കേസുകൾ പലതും അന്ത്യവിധിയാകാതെ പതിറ്റാണ്ടുകൾ നീളുകയാണ്. സുപ്രീം കോടതിവിധി കഴിഞ്ഞ് കീഴ്ക്കോടതികളിൽ തിരികെയെത്തുന്നവയുമുണ്ട്. ഇതിന് രണ്ടുകാരണങ്ങളാണ് പ്രധാനമായുള്ളത്. ന്യായാധിപന്മാർ വേണ്ടവിധം ജോലി ചെയ്യുന്നില്ല. വി.കെ.എന്നിന്റെ രചനകളിൽ അവരുടെ സുഖജീവി

തത്തെയും ഉഴപ്പിനെയും പരിഹസിക്കുന്നത് പലർക്കും ബാധകമല്ലായിരിക്കാം. എന്നാൽ ചിരിച്ചു തള്ളാനും വയ്യ. ന്യായാധിപരുടെ എണ്ണക്കുറവ് ഒരു പ്രശ്നം തന്നെയാണ്. ഓരോ കേസിന്റെയും എല്ലാ വശങ്ങളും പരിഗണിച്ച് വേണ്ടവിധം പഠിച്ച് ന്യായവും പക്വവും സമഗ്രവുമായ ഒരു വിധി പുറപ്പെടുവിക്കണമെങ്കിൽ സമയമെടുക്കും. ക്ഷിപ്രസാധ്യമല്ല. അതുകൊണ്ട് ജുഡീഷ്യറിയുടെ ഓരോ തട്ടിലും കൂടുതൽ ന്യായാധിപരെ വിന്യസിക്കേണ്ടതാണ്. കോടതികളിൽ ആയിരക്കണക്കിന് കേസുകൾ കെട്ടിക്കിടക്കുന്നത് അതിന്റെ ആവശ്യകത വ്യക്തമാക്കുന്നു. എന്നാൽ കേസുകൾ കോടതിയിൽ എത്തുന്നതിന് മുമ്പ് തന്നെ പ്രാഥമിക വിചാരണയുടെ രീതിയിലുള്ള ഒരു സ്ക്രീനിംഗ് നടത്തുവാനുള്ള സൗകര്യം ഉണ്ടാക്കുന്നത് കോടതിയിലെത്തുന്നവയുടെ എണ്ണം കുറയ്ക്കുന്നതിന് സഹായകമാണ്. ഒരു കഴമ്പുമില്ലാത്തതോ, ഒരു നിയമ നിർദ്ദേശം കൊണ്ടു പരിഹരിക്കാവുന്നതോ ആയ ഒട്ടനവധി കേസുകൾ കോടതിയിലെത്താറുണ്ട്. അഭിഭാഷകർ അധികംപേർക്കും കേസുതീരുന്നതിലല്ല, നീളുന്നതിലാണല്ലോ താല്പര്യം., കോടതികളും ഇതിലാണോ താല്പര്യം കാണുന്നതെന്നു തോന്നിപ്പോകാറുണ്ട് പല കേസുകളുടെയും ദു:സ്ഥിതികാണുമ്പോൾ. സുപ്രീം കോടതിവരെ ഇഴഞ്ഞെത്തി വിധിയായ കേസുകൾ വീണ്ടും മുൻസിഫ് കോടതിയിൽ തിരികെയെത്തുമ്പോൾ അതിനു തടയിടാൻ സംവിധാനമില്ലെന്നത് കഷ്ടമാണ്. പ്രത്യേക വിഷയങ്ങൾ കേൾക്കാൻ പ്രത്യേക കോടതികൾ ഉണ്ടാകുന്നതും ഫലപ്രദവും കൃത്യവും നീതിപൂർവ്വകവുമായ വിധികൾ വരുവാൻ സഹായകമാണ്. വിദ്യാഭ്യാസം, മതം, മനുഷ്യാവകാശം, സ്വത്ത് , രാഷ്ട്രീയം എന്നിവയ്ക്കെല്ലാം പ്രത്യേക കോടതികൾ ഉണ്ടാവുകയും അവയിൽ അതാത് വിഷയങ്ങളിൽ നൈപുണ്യമുള്ള ന്യായാധിപരെ നിയമിക്കുകയും ചെയ്താൽ വിധികൾ കൂടുതൽ വ്യക്തവും, നിർണ്ണായകവുമായിത്തീരുമെന്നതിൽ സംശയമില്ല. ഇത് അപ്പീൽ കേസുകളുടെ എണ്ണം കുറയ്ക്കുകയും ചെയ്യും.

വിധികളിലെ അവ്യക്തതയും സമഗ്രതയില്ലായ്മയുമാണ് കേസുകളുടെ സംഖ്യയേറാൻ രണ്ടാമത്തെ കാരണം. ഒരു യുദ്ധം പലയുദ്ധങ്ങൾക്കു വഴിയൊരുക്കുമെന്നു പറയുന്നതുപോലെ ഒരു നിയമയുദ്ധത്തിന്റെ അപക്വവും അവ്യക്തവും അസമഗ്രവുമായ തീർപ്പ് അപ്പീലിനു പുറമെ പല പുതിയ കേസുകൾക്കും ഇടം നൽകുകയും ചെയ്യും. അപ്പീലുകൾക്കും, പുനർവിചാരണ കേസുകൾക്കും, വിധിജന്യകേസുകൾക്കും കാരണം വിധികളിലെ അവ്യക്തതയും സമഗ്രതയില്ലായ്മയുമാണ്. പുനർ വിചാരണയിൽ തിരുത്തപ്പെടേണ്ടതായി വരുന്ന വിധികൾ ഏതെങ്കിലും ജഡ്ജിയിൽനിന്ന് തുടർച്ചയായുണ്ടാകുന്നെങ്കിൽ അയാളുടെ സത്യസന്ധതയും നിഷ്പക്ഷതയും നിയമവിജ്ഞാനവും സംശയിക്കപ്പെടേണ്ടതാണ്. അത്തരക്കാരെ തൽസ്ഥാനങ്ങളിൽ തുടരാൻ അനുവദിക്കാതിരിക്കുക, ജുഡീഷ്യറിയുടെ കാര്യക്ഷമതയും വിശ്വാസ്യതയും നിലനിർത്തുന്നതിന് ആവശ്യമാണ്.

ജുഡീഷ്യറിയുടെ പ്രവർത്തനം കാര്യക്ഷമവും നിഷ്പക്ഷവും നിയമാനുസൃതമായി നടക്കണമെങ്കിൽ ന്യായാധിപരുടെ യോഗ്യത, തെരഞ്ഞെടുപ്പ്, പ്രവർത്തനം എന്നീ രംഗങ്ങളിൽ കാര്യമായ മാറ്റങ്ങൾ വന്നേ തീരൂ. ഒപ്പം തന്നെ കോടതിയുടെ പ്രവർത്തനത്തിൽ ബാഹ്യ സ്വാധീനം പൂർണ്ണമായി ഒഴിവാക്കപ്പെടുകയും വേണം. ജുഡീഷ്യൽ സംവിധാനത്തിൽ ചില അടിസ്ഥാന പരിഷ്ക്കാരങ്ങൾ ഇതുകൂടാതെയും ഉണ്ടാകേണ്ടതുണ്ട്. എങ്കിൽ മാത്രമെ രാജ്യത്ത് നീതിയുടെ കാവലും പരിരക്ഷയും നീതിന്യായസംവിധാനം നിർവ്വഹിക്കുന്നുണ്ട് എന്നു പറയാനാവൂ.

സസ്നേഹം

നിങ്ങളുടെ
അത്താനാസ്യോസ് തോമസ്
മെത്രാപ്പോലീത്ത

---

*(2-ാം പേജിൽ നിന്ന് തുടർച്ച)*

എന്നുനാം അന്വേഷിക്കേണ്ടതാണ്. പാരമ്പര്യസഭകളിൽ മദ്യവിരോധികൾ ഇല്ലെന്നല്ല പറയുന്നത്. ധാരാളമുണ്ട്. എന്നാൽ തങ്ങൾക്കിടയിൽ മദ്യപാനികൾ ആരും ഇല്ലെന്ന് അവർക്കെന്തുകൊണ്ട് അവകാശപ്പെടാൻ കഴിയുന്നില്ല? അവിടെയാണ് അവർക്ക് വെല്ലുവിളി ഉയരുന്നത്? ഒഴിവുകഴിവുകൾ പറയാനുണ്ടാകും. അതൊന്നും മറുപടിയാകുന്നില്ല. മദ്യം തൊടില്ല എന്ന ഭീഷ്മ പ്രതിജ്ഞയാണാവശ്യം. തയ്യാറുണ്ടോ? കാരണം മദ്യത്തിന്റെ തിരസ്കരണം അനേകതിന്മകളിൽ നിന്നുള്ള മോചനമാണ്.

സഭയുടെ എല്ലാതലങ്ങളിലും ഈ വിഷയം ചർച്ചചെയ്ത് തീരുമാനമെടുക്കണം. കർമ്മപരിപാടികളിലേർപ്പെടണം. സഭയുടെ മാധ്യമങ്ങൾ വഴി ആശയങ്ങളും പ്രവർത്തനങ്ങളും നേട്ടങ്ങളും മറ്റുള്ളവരെ അറിയിക്കണം. മദ്യാസക്തി ഒരുരോഗമായി മനസ്സിലാക്കി അത്തരം രോഗികളെ സഭയിൽ നിന്ന് മുറിച്ചുമാറ്റാതെ ചേർത്തു നിർത്തി സുഖപ്പെടുത്തുവാൻ ഓരോ ഇടവകയ്ക്കും ബാധ്യതയുണ്ടെന്നോർക്കുക. ഇടവകയുടെ ഒന്നടങ്കമായ സ്നേഹസമ്മർദ്ദം ഏതു മദ്യപനിലും ഗുണകരമായ മാറ്റങ്ങൾ സൃഷ്ടിക്കും. അതിനുള്ള ശ്രമം നമ്മുടെ ഒരിടവകയിലും മദ്യപാനികൾ ഇല്ലാതാക്കട്ടെ! മദ്യത്തെ നാട്ടിൽ നിന്ന് ഒഴിവാക്കാൻ കൈവന്നിരിക്കുന്ന ഈ നല്ല അവസരം നഷ്ടമാക്കാതെ സഭ ബോധപൂർവ്വം പ്രവർത്തിക്കേണ്ടിയിരിക്കുന്നു. മദ്യവിപത്തിന്റെ നിർമ്മാർജ്ജനം മറ്റനേകം തിന്മകളെ ഓരോന്നായി തുടച്ചു മാറ്റുവാനുള്ള ഊർജ്ജം സഭയ്ക്ക് പ്രദാനം ചെയ്യും. ●

ലേഖനം

# ക്ഷണഭംഗുരമായ വിവാഹബന്ധങ്ങൾ

ഫാ. പി. എ. ഫിലിപ്പ്

വിവാഹം സ്വർഗ്ഗത്തിൽ നടക്കുന്നു എന്ന് നാം സാധാരണ പറയാറുണ്ട്. പുരുഷനും സ്ത്രീയും വിവാഹത്തിലൂടെ ഒരുമിക്കുന്നത് കേവലം ഒരു യാദൃച്ഛിക സംഭവമോ, മനുഷ്യബുദ്ധിയുടേയോ ആലോചനയുടേയോ ഫലമോ അല്ല. പ്രത്യുത ദൈവിക ഇടപെടലിന്റെ പരിണതഫലമാണ് എന്നാണ് ഈ പഴമൊഴിയുടെ സാരം. ദൈവിക ഇടപെടലും നിശ്ചയവും മൂലം വിവാഹബന്ധത്തിൽ ഒന്നായി ത്തീരുന്ന ദമ്പതികൾ കോടതി വരാന്തകളിൽ ചുറ്റിയടിക്കുന്ന ദയനീയചിത്രമാണ് നാം ആനുകാലിക ലോകത്ത് കാണുന്നത്. ദൈവം ഒന്നാക്കിയവരെ വീണ്ടും രണ്ടാക്കുന്ന വ്യഗ്രതയിലാണ് സമൂഹം. വിവാഹം പവിത്രമെന്നും, അഭേദ്യമെന്നും ദമ്പതികൾ അവിഭാജ്യരെന്നും പഠിപ്പിക്കുന്ന കിഴക്കൻ സംസ്കാരത്തിലും വിവാഹമോചനവും പുനർവിവാഹവുമൊക്കെ തകൃതിയായി നടക്കുന്നു. ഈടും ഇഴയടുപ്പവുമുള്ള ദാമ്പത്യ ബന്ധം സൃഷ്ടിക്കുന്നതിൽ നാം എന്തുകൊണ്ട് പരാജയപ്പെടുന്നു? ആശങ്കയുണ്ടാകാത്ത വിധം നമ്മുടെ കുടുംബങ്ങൾ എന്തേ തകർന്നു തരിപ്പണമാകുന്നു? ദാമ്പത്യബന്ധം ശിഥിലമാകുന്നതിന്റെ കാരണങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാം.

**1. വിവാഹം കേവലം ഒരു ആഘോഷം**

വിവാഹമെന്ന അതിമഹത്തായ കൂദാശയുടെ (Sacrament) അർത്ഥവും ആഴവും ഗ്രഹിക്കാതെ ഒരുവമ്പൻ ആഘോഷമായി മാത്രം വിവാഹത്തെ കാണുന്ന രീതി വളർന്നുവരുന്നു. സ്റ്റാറ്റസ് പ്രതീകമായി വിവാഹച്ചടങ്ങിനെ വീക്ഷിക്കുന്ന രീതിയ്ക്ക് പ്രാമാണ്യത കിട്ടുന്നു. ഏറ്റവും മുന്തിയ കാറിലുള്ള യാത്ര, ദിവസവും ആരാധന നടത്തുന്ന ദേവാലയത്തിന്റെ സൗന്ദര്യം പോരാഞ്ഞിട്ട് പള്ളിയ്ക്കുള്ളിൽ വിശേഷപ്പെട്ട പുഷ്പാലങ്കാരങ്ങൾ, പൗരോഹിത്യ ശ്രേണിയിലെ ഏറ്റവും ഉന്നതരായ കാർമ്മികൻമാർ, പള്ളി കേവലംസ്റ്റുഡിയോ ആക്കിമാറ്റി അവിടെ അഭിനയിക്കുന്ന മണവാളനും, മണവാട്ടിയും, ധാരാളിത്തവും, ധൂർത്തും, പൊങ്ങച്ചവുമൊക്ക എടുത്തു കാട്ടുന്ന വിവാഹനന്തര ചടങ്ങുകൾ. ഇതെല്ലാം കൂടി വിവാഹത്തെ ഒന്നാന്തരമൊരു കമ്പോളമാക്കി മാറ്റിയിരിക്കുന്നു. ശിഷ്ടായുസ്സുമുഴുവൻ ഇരുമെയ്യാണെങ്കിലും മനമൊന്നായ് ഒന്നിച്ചു ജീവിക്കേണ്ട ദമ്പതിമാരെ വിളക്കിച്ചേർക്കുന്ന ഏറ്റവും ശ്രേഷ്ഠമായ കൂദാശയാണ് വിവാഹമെന്നതൊക്ക നാം മറന്നു. വർണ്ണപ്പൊലിമയാർന്ന ഒരു ദിനത്തിലെ ആഘോഷം കൊണ്ട് ദൈവരാജ്യത്തിന്റെ ചെറുപതിപ്പായ കുടുംബത്തിന് ചന്തം ചാർത്താനാവുമോ എന്നത് ചിന്തനീയമായ വിഷയമാണ്. അപൂർണ്ണരായ മനുഷ്യരെ ക്രിസ്തുവിന്റെ സാന്നിദ്ധ്യം മനസ്സിലാക്കാതെയും, വിവാഹ കൂദാശയുടെ മഹത്വം അറിയാതെയുമുള്ള ഇത്തരം അവിവേകം വിവാഹത്തിന്റെ പാവനതയെ കുറച്ചൊന്നുമല്ല ഇടിച്ചു താഴ്ത്തുന്നത്. ഒരു പ്രമുഖ ആഭരണ/വസ്ത്രാലയം കഴിഞ്ഞയാഴ്ച നടത്തിയ വൺ ക്രോർ വെഡ്ഡിംഗ് സെലിബ്രേഷൻ എന്ന പരസ്യ തന്ത്രത്തിലൂടെ വിവാഹമെന്നത് കോടികൾ പൊടിക്കാനുള്ള വേദിയാണ് എന്ന് പറയാതെ പറയുകയാണ്. ഈ രീതിയിൽ വിവാഹത്തെ ഒരു വൻ കമ്പോളമാക്കി മാറ്റുന്നതാണ് ഏറ്റവും വലിയ അപചയം. ഓരോ വിവാഹത്തിനും എത്തുന്ന നൂറുകണക്കിന് വാഹനങ്ങൾ ഉണ്ടാക്കുന്ന ട്രാഫിക് കുരുക്കുകളും അനുബന്ധ പ്രശ്നങ്ങളും വേറെ. വിവാഹം കുറെക്കൂടി ലാളിത്യപൂർണ്ണവും ആർഭാട രഹിതവുമാക്കേണ്ടത് ആവശ്യമല്ലേ?

**2. കുടുംബ വ്യവസ്ഥിതിയിൽ ഉണ്ടായ മാറ്റങ്ങൾ**

കുടുംബമെന്ന സങ്കല്പത്തിനു തകുന്ന വൻകിടമായ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു. ഒരു കുടുംബ വ്യവസ്ഥിതിയിൽ കൊണ്ടും കൊടുത്തും ഇണങ്ങിയും-പിണങ്ങിയും തല്ലിയും തലോടിയുമൊക്കെ വളർന്നു വന്ന തലമുറയുടെ അനുഭവസമ്പന്നമായ ജീവിതചക്രം ഇന്നില്ല. കാണുന്ന കാഴ്ചകൾ വീണ്ടും വീണ്ടും കണ്ട് ഒരുതരം വൈരസ്യം ബാധിച്ച തലമുറയാണിത്. വലിയ വീടും ചെറിയ കുടുംബവും എന്ന ഒരു പുത്തൻ സംസ്ക്കാരമാണിത്. മിക്ക കുടുംബങ്ങളിലും പരമാവധി രണ്ടു കുട്ടികൾ മാത്രം. ഭൗതികമായി ലഭ്യമാകാവുന്ന സർവ്വസൗകര്യങ്ങളും മാതാപിതാക്കൾ കുട്ടികൾക്കു നൽകുന്നു. ബാങ്കുകളിൽ നിന്ന് ഭീമമായ വായ്പകൾ എടുത്തു പോലും കുട്ടികളെ പഠിപ്പിക്കുന്നു. എന്നും വാങ്ങാൻ മാത്രം പഠിക്കുന്ന കുട്ടിക്ക് സ്വാശ്രയശീലമോ പരോപകാര സന്നദ്ധതയോ ഭിന്ന സാഹചര്യങ്ങളോട് ഇണങ്ങി ജീവിക്കുവാനുള്ള നൈപുണ്യമോ ഒന്നും കാണില്ല. ഈ വിധം വളരുന്ന കുട്ടികൾ വിവാഹജീവിതത്തിലേക്ക് പ്രവേശിക്കുമ്പോഴും സ്നേഹം കൊടുക്കുവാനോ, ത്യാഗം സഹിക്കുവാനോ, വിഭിന്ന വ്യക്തിത്വമുള്ള ഒരാളുമായി സഹകരിച്ചു ജീവിക്കുവാനോ ഒന്നും പ്രാപ്തരല്ല. വളരെ നിസ്സാരമെന്നു തോന്നുന്ന കാര്യങ്ങൾക്കു പോലും അഭിപ്രായ സമന്വയത്തിലെത്തുവാൻ അവർക്കു കഴിയുന്നില്ല. ഇത് നിരന്തരമായ അലോസരത്തിനും, വഴക്കുകൾക്കും കാരണമാകുന്നു. ഒട്ടും സൗഹൃദപരമല്ലാത്ത സാഹചര്യങ്ങളിൽ പോലും കഴിഞ്ഞ തലമുറയിലുള്ളവർ മുന്നേറിയത് അവർ വളർന്നു വരുന്ന കുടുംബപശ്ചാത്തലത്തിൽ ഇത്തരം പൊരുത്തപ്പെടലുകൾ ആവശ്യവും അനിവാര്യതയും ആയിരുന്നതുകൊണ്ടാണ്.

**3. സാമ്പത്തിക സ്വാതന്ത്ര്യം**

ഹാവെൽസ് കമ്പനിയുടേതായി അടുത്തയിടെ വന്ന പരസ്യം നമ്മെ

ചിന്തിപ്പിക്കേണ്ടതാണ്. വീട്ടിൽ തണുത്ത കാപ്പി കുടിക്കേണ്ടി വരുന്ന ഭർത്താവ് വീട്ടുകാരുടെയെല്ലാം മുമ്പിൽ വച്ച് ഇക്കാര്യം പറയുമ്പോൾ അയാളുടെ നവവധു ഒരു കോഫി വെൻഡിംഗ് മെഷീൻ എടുത്ത് മുമ്പിൽ വച്ചിട്ട് പറയുന്നു. '24 മണിക്കൂറും ചൂടുകാപ്പി കുടിച്ചോളു. I am not a kitchen appliance'. എന്നു വച്ചാൽ ഭർത്താവിന് ഇനി ചൂടുകാപ്പി ഉണ്ടാക്കി കൊടുക്കാൻ ഭാര്യ ഉണ്ടാവില്ല എന്ന് അർത്ഥം.

പരമ്പരാഗതമായ നമ്മുടെ സാമൂഹ്യക്രമത്തിൽ പുരുഷൻമാർ കൃഷി, കച്ചവടം, ഉദ്യോഗം തുടങ്ങിയ കാര്യാദികൾ കുടുംബത്തിനു വേണ്ടി നോക്കുകയും സ്ത്രീകൾ കുടുംബത്തിന്റെ ആഭ്യന്തരകാര്യങ്ങൾ ശ്രദ്ധിക്കുകയും ചെയ്യുക എന്ന രീതിയാണ് ഉണ്ടായിരുന്നത്. എന്നാൽ മാറിയസാമൂഹ്യ ക്രമത്തിൽ സ്ത്രീ പുരുഷന്മാർക്ക് അവസര സമത്വം ഒരേ രീതിയിൽ ലഭിച്ചതോടെ സ്ത്രീകളും അഭ്യസ്ത വിദ്യരും ഉദ്യോഗസ്ഥകളും ആയി മാറി. സ്ത്രീകൾക്ക് സാമ്പത്തിക സ്വാതന്ത്ര്യം ലഭ്യമായതോടുകൂടി അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് അവരും വന്നു തുടങ്ങി. ഭർത്താവിന്റെ ഇഷ്ടത്തിനും ഇച്ഛയ്ക്കും വഴങ്ങി ജീവിച്ച ഭാര്യ ഒരു ഗതകാല സ്മരണമാത്രമാണ്. ഭാര്യയും ഭർത്താവും ഉദ്യോഗസ്ഥരാകുമ്പോൾ ഭാര്യമാത്രം വീട്ടു ജോലിയും കുട്ടികളുടെ പരിപാലനവുമൊക്കെ, നടത്തുക എന്നത് തീർത്തും ആയാസകരമായ അസുഖകരമായ സാഹചര്യമാണ്. മറിച്ച് സ്ത്രീക്ക് സാമ്പത്തിക സ്വാതന്ത്ര്യം കൈവന്നതോടുകൂടി പുരുഷനെ ഗണ്യമാക്കാതെ തീർത്തും സർവ്വതന്ത്ര സ്വതന്ത്രകളായി ജീവിക്കുന്ന സ്ത്രീകളുടെ എണ്ണവും കൂടി വരുന്നു. ദാമ്പത്യ ബന്ധത്തിന്റെ ശിഥിലീകരണത്തിന് ഇതും ഒരു ഘടകമാണ്.

**4. മാധ്യമങ്ങളുടെ സ്വാധീനം**

രാത്രിയാമങ്ങൾ പ്രാർത്ഥനയും കണ്ണീരുമായി ദൈവസന്നിധിയിൽ ചെലവഴിച്ച ദമ്പതികൾ ഒരുഗതകാല സ്മരണയാണ്. രാത്രി വളരെ വൈകിയും ഫെയ്സ്ബുക്കിലും വാട്സ് അപ്പിലും എല്ലാം മറന്ന് മുഴുകിയിരിക്കുന്ന ഭാര്യമാരും, ഭർത്താക്കൻമാരും ഇന്നത്തെ സാധാരണ കാഴ്ചയാണ്. ഹൈടെക് ലോകത്തിൽ ഭാര്യാഭർത്താക്കൻമാർ തമ്മിലുള്ള സ്വകാര്യ സംഭാഷണങ്ങളും, ആശയസംവേദനവും ദാമ്പത്യ ബന്ധത്തിന്റെ പുഷ്ടീകരണത്തിന് അനുപേഷണീയമാണ്. രണ്ടുപേരും ജോലിക്കാരാകുമ്പോൾ ഇത്തരം ആശയസംവേദനത്തിനുള്ള സമയം നന്നേ കുറയുന്നു. വീട്ടിലെത്തിക്കഴിഞ്ഞാലും ടി.വി., കമ്പ്യൂട്ടർ, ഐപാഡ്, മൊബൈൽ മുതലായ ആധുനിക മാധ്യമങ്ങൾ ദമ്പതിമാരുടെ സമയം കവരുന്നു. ഭർത്താവിനോടൊപ്പം ഒരു കിടക്കയിൽ കിടക്കുന്ന ഭാര്യ ഭർത്താവുറങ്ങിയെന്ന് ഉറപ്പുവരുത്തിയശേഷം കാമുകന് മൊബൈൽ സന്ദേശങ്ങൾ അയച്ചതിനു പിന്നാലെ ഞെട്ടിപ്പിക്കുന്ന കൊലപാതകം വരെ എത്തിയ സംഭവം അടുത്തയിടെ നടന്നതാണ്. പാവനമായ വിവാഹബന്ധത്തെ ശിഥിലമാക്കുന്ന രീതിയിൽ മാധ്യമങ്ങൾ ഉപയോഗിക്കുന്നത് ദാമ്പത്യ ജീവിതത്തിൽ ആശാസ്യമല്ല. ഇതുകൂടാതെ മാധ്യമങ്ങൾ ഉയർത്തിക്കാട്ടുന്ന പല ശൈലികളും ശീലങ്ങളും ദാമ്പത്യ ബന്ധത്തെ ശിഥിലീകരിക്കുന്നവയുമാണ്. മാധ്യമങ്ങൾ വരച്ചുകാട്ടുന്ന പല ബിംബങ്ങളും കഥാപാത്രങ്ങളും യഥാർത്ഥ്യവുമായി പുലബന്ധംപോലും ഇല്ലാത്ത താവാനും സാധ്യതയുണ്ട്. പല സീരിയലുകളിലും സിനിമകളിലും കാട്ടിക്കൂട്ടുന്ന ആഭാസകരമായ രംഗങ്ങളും അശ്ലീല സംഭാഷണങ്ങളും കുടുംബത്തിന്റെ ധാർമ്മിക അടിത്തറ തന്നെ തകർക്കുന്നതാണ്. ആൺ-പെൺ ബന്ധങ്ങൾ സംബന്ധിച്ച് മാധ്യമങ്ങൾ സൃഷ്ടിക്കുന്ന പല ബിംബങ്ങളും ക്രിസ്തീയ കുടുംബജീവിതത്തിന് അനുഗുണമല്ല. ജീവിതം ആസ്വദിക്കാനുള്ളതാണ് എന്ന രീതിയിലുള്ള തത്വശാസ്ത്രം മാധ്യമങ്ങൾ അവരുടെ കച്ചവട താല്പര്യങ്ങൾക്കായി ഉയർത്തിക്കാട്ടുമ്പോൾ അടിപൊളിയായി ജീവിക്കാനുള്ള തത്രപ്പാടിൽ കടക്കെണിയിൽ അകപ്പെടുന്നവരുടെ സംഖ്യയും കുറവല്ല.

**5. മാതാപിതാക്കളുടെ പരിധിയിൽ കൂടുതലുള്ള ഇടപെടൽ**

വി. മത്തായി 19:5 ൽ നമ്മുടെ കർത്താവ് വ്യക്തമായി പറയുന്നു. 'അതു നിമിത്തം മനുഷ്യൻ അപ്പനേയും അമ്മയേയും വിട്ട് ഭാര്യയോട് പറ്റിച്ചേരും, ഇരുവരും ഒരു ദേഹമായിത്തീരും.' വിവാഹകൂദാശയിലൂടെ ഒന്നായിത്തീരുന്ന ഭാര്യാഭർത്താക്കന്മാർക്ക് ഒരു വിട്ടുപിരിയൽ ആവശ്യമാണ്. അതുവരെ വളർത്തി വലുതാക്കിയ മാതാപിതാക്കളെ കൈവെടിയണമെന്നോ ഉപേക്ഷിക്കണമെന്നോ അതിനർത്ഥമില്ല. ഭാര്യയ്ക്ക് ഭർത്താവും, ഭർത്താവിന് ഭാര്യയുമായിരിക്കണം ഒന്നാം സ്ഥാനത്ത്. മുൻഗണനാക്രമത്തിൽ ഈ ബന്ധത്തിനു ശേഷം മാത്രമേ മാതാപിതാക്കളും വരുന്നുള്ളു. ആയതിനാൽ ഭാര്യ ഭർത്തൃബന്ധത്തെ ശിഥിലമാക്കുന്ന തരത്തിൽ വരന്റേയോ വധുവിന്റേയോ മാതാപിതാക്കളോ വീട്ടുകാരോ ഒരു കാരണവശാലും ഇടപെടരുത്.

മുമ്പ് സൂചിപ്പിച്ചതുപോലെ സുഖസമൃദ്ധിയിൽ ജീവിക്കുന്ന ഇന്നത്തെ തലമുറയ്ക്ക് ചെറിയ പ്രശ്നങ്ങൾ പോലും നേരിടുവാനുള്ള കരുത്തില്ല. താരതമ്യേന അറിവ് കൂടുതലുണ്ടെങ്കിലും പലർക്കും സാമാന്യ ബുദ്ധി (Common sense) കുറവാണ്. രണ്ടുവ്യത്യസ്ത സാഹചര്യങ്ങളിൽ വളർന്ന ആൺകുട്ടിയുംപെൺകുട്ടിയും ഒന്നിച്ചുജീവിക്കുവാൻ തുടങ്ങുമ്പോൾ സ്വാഭാവികമായും ചില്ലറ പ്രശ്നങ്ങളും പൊരുത്തക്കേടുകളും ഉണ്ടായെന്നിരിക്കും. അത് അവർ തന്നെ കൈകാര്യം ചെയ്യുവാനും പരിഹരിക്കുവാനും അവരെ സഹായിക്കുകയാണ് ഇരുകുടുംബങ്ങളും ചെയ്യേണ്ടത്. കൊച്ചുകൊച്ചു പ്രശ്നങ്ങളെ ഊതിപ്പെരുപ്പിക്കുകയും വഷളാക്കുകയും ചെയ്യുന്ന മാതാപിതാക്കളുണ്ട്. അവർ കുട്ടികളെ സഹായിക്കുകയല്ല, അവരുടെ ഭാവി ജീവിതം തകർക്കുകയാണ് ചെയ്യുന്നത്. നമ്മുടെ സംസ്കാരത്തിൽ പെൺകുട്ടികളെ കെട്ടിച്ചയയ്ക്കുകയാണ് ചെയ്തത്. ഭർത്താവിന്റെ കുടുംബത്തിലാണ് അവൾ ജീവിക്കുന്നത്. ആ കുടുംബത്തിന്റെ ഭാഗമായിട്ടാണ് പിന്നീട് അറിയപ്പെടു

ന്നതും. വിവാഹിതയാകുന്ന ഓരോ പെൺകുട്ടിയും അങ്ങനെയായിത്തീരാനുള്ള തയ്യാറെടുപ്പ് നടത്തണം. അതല്ലാതെ ഭർത്താവിന്റെ വീട്ടിലെ കുറവുകളും കുറ്റങ്ങളും എല്ലാ ദിവസവും അമ്മയേയും അപ്പനേയും അറിയിക്കാനും അവരെ പ്രകോപിപ്പിക്കുകയും ചെയ്യുന്ന രീതി ആശാസ്യമല്ല. ഇന്ന് മൊബൈൽ ഫോൺ സൗകര്യമുള്ളതുകൊണ്ട് അപ്പോഴപ്പോൾ വിവരങ്ങൾ കൈമാറുവാനുള്ള സാഹചര്യമുണ്ട്. എന്നാൽ ഒരു പെൺകുട്ടി ഭാര്യയായിത്തീരുമ്പോൾ ആ ഭർത്താവിന്റെ കുടുംബത്തിന്റെ ഭാഗമായതിനാൽ അതിന്റെ വളർച്ചയ്ക്കും നന്മയ്ക്കുമായി പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയുമാണ് വേണ്ടത്. ഓമനിച്ച് താലോലിച്ച് രാജ്ഞിയെപ്പോലെ അമ്മയപ്പൻമാർ വളർത്തിയ ഒരു പെൺകുട്ടി തന്റെ ഭാര്യയായി തന്റെ കുടുംബത്തിലേക്ക് വരുമ്പോൾ അവൾക്ക് ആവശ്യമായ സ്നേഹവും, താങ്ങും, തണലും നൽകുവാൻ ഭർത്താവും അയാളുടെ കുടുംബവും ശ്രദ്ധിക്കേണ്ടതുണ്ട്. തൊട്ടതിനും പിടിച്ചതിനുമെല്ലാം ഭാര്യയേയും അവളുടെ കുടുംബത്തേയും പഴിപറയുകയും ഇകഴ്ത്തുകയും ചെയ്യുന്ന ഭർത്താവ് സ്വന്തം കുടുംബത്തിന്റെ സമാധാനമാണ് തകർക്കുന്നത്. വിവാഹശേഷം ഉണ്ടാവുന്ന ചെറുതോ വലുതോ ആയ പ്രശ്നങ്ങൾ മാതാപിതാക്കൾ ഏറ്റെടുത്ത് വഷളാക്കുന്നതിനു പകരം സഭയ്ക്കുള്ളിൽ അത് കൈകാര്യം ചെയ്യത്തക്കവിധം ഒരു സംവിധാനമുണ്ടാകേണ്ടതുണ്ട്. നവദമ്പതിമാർക്ക് ഉണ്ടാകുന്ന ഇത്തരം പ്രശ്നങ്ങൾ യഥാസമയം ഉത്തരവാദിത്തപ്പെട്ട വൈദഗ്ദ്ധ്യമുള്ള ഒരു സമിതി കേൾക്കുകയാണെങ്കിൽ ഒരു നല്ല ശതമാനം ദാമ്പത്യങ്ങളേയും രക്ഷപെടുത്താനാവുമെന്ന് തോന്നുന്നു.

**6. ലഹരി ഉപയോഗവും, രതിവൈകൃതങ്ങളും**

സുഗതകുമാരിയുടെ നേതൃത്വത്തിൽ തിരുവനന്തപുരത്ത് നടക്കുന്ന അഭയ എന്ന കേന്ദ്രം സന്ദർശിച്ചാൽ ദാമ്പത്യബന്ധത്തിൽ ലഹരി വരുത്തിവയ്ക്കുന്ന വിനയെക്കുറിച്ച് ബോധ്യമാകും ആൽക്കഹോൾ, പുകയില ഉല്പന്നങ്ങൾ, മയക്കു മരുന്ന് ഇവയുടെ ഉപയോഗം മൂലം അനേക ദാമ്പത്യ ബന്ധങ്ങൾ ഉടഞ്ഞുപോയിട്ടുണ്ട്. ലഹരിയ്ക്ക് അടിപ്പെടുന്നത് ഏറിയ പങ്കും പുരുഷന്മാരാണെങ്കിലും സ്ത്രീകളും കുറവല്ല. ലഹരിക്ക് അടിമകളാകുന്നതോടെ സുബോധം നഷ്ടപ്പെട്ട് ഇണയെ ശാരീരികമായും മാനസികമായും പീഡിപ്പിക്കുന്നവർ ഉണ്ട്. ഇനി ഒരു കൂട്ടർ ലഹരിവസ്തുക്കൾ ഉപയോഗിക്കാതെ തന്നെ ഇത്തരം ചിലതരം ആസക്തകൾക്ക് അടിമപ്പെടുന്നവരാണ്. ഇന്റർനെറ്റിൽ അശ്ലീലചിത്രങ്ങൾ കാണുക, അതിൽകാണുന്ന പ്രകൃതി വിരുദ്ധ ലൈംഗിക വൈകൃതങ്ങൾ ജീവിതപങ്കാളിയിൽ അടിച്ചേൽപ്പിക്കുക തുടങ്ങിയ അസ്വാഭാവികമായ വൈചിത്ര്യങ്ങളും ഒരളവുവരെ ദാമ്പത്യ ബന്ധത്തെ തകർക്കാറുണ്ട്. ഭാര്യമാരെ പീഡിപ്പിക്കുന്ന ഭർത്താക്കന്മാരും ഭർത്താക്കന്മാരെ പീഡിപ്പിക്കുന്ന ഭാര്യമാരും ഇന്നിന്റെ കാഴ്ചകളാണ്.

**7. ക്രിസ്തു കേന്ദ്രീകൃതമായ ജീവിതശൈലിയുടെ അഭാവം**

കുടുംബമെന്നാൽ ദൈവരാജ്യത്തിന്റെ ഒരു സൂക്ഷ്മ രൂപമാണ്. സമൂഹത്തിന്റെ അടിസ്ഥാനയൂണിറ്റ് എന്നൊക്കെ സാമൂഹ്യ ശാസ്ത്രജ്ഞർ വാദിച്ചാലും ക്രിസ്തീയ കാഴ്ചപ്പാടിൽ കുടുംബം ദൈവരാജ്യത്തിന്റെ ചെറുപതിപ്പാണ്. അവിടെ സംജാതകമാകേണ്ടത് ദൈവഭരണവും നടക്കേണ്ടത് ദൈവഇഷ്ടവുമാണ്. സഭാപ്രസംഗി 4:12 പറയുന്നതുപോലെ മുപ്പിരിച്ചരട് വേഗത്തിൽ അറ്റുപോവുകയില്ല. ദൈവത്തെ കൂടാതെ രണ്ടാളുകൾ എത്ര അദ്ധ്വാനിച്ചാലും ആ ബന്ധം സുദൃഢമാവുകയില്ല. ഭാര്യാഭർത്തൃ ബന്ധത്തെ ഉറപ്പിക്കുന്ന ദൃഢീകരിക്കുന്ന സിമന്റാണ് ക്രിസ്തു സാന്നിദ്ധ്യം. വിവാഹകൂദാശ മുതൽ തന്നെ ക്രിസ്തുവിനെ നഷ്ടപ്പെടുന്ന രീതിയാണ് കണ്ടു വരുന്നത്. ദൈവഭരണത്തെ അവമതിയ്ക്കുന്ന ധനാധിപത്യം, ആഡംബരപ്രിയം അനുകരണഭ്രമം ഇതെല്ലാം ദാമ്പത്യബന്ധത്തെ ശിഥിലീകരിക്കുന്നതാണ്. പരിശുദ്ധ ത്രിത്വത്തിൽ നാം ദർശിക്കുന്ന സ്നേഹക്കൂട്ടായ്മയാണ് കുടുംബത്തിലും ഉണ്ടാകേണ്ടത്. ദാമ്പത്യബന്ധത്തിന്റെ അന്തിമ ലക്ഷ്യം ഈ കാണുന്ന ലോകത്തിൽ സുഖിച്ചു പുളച്ചുജീവിക്കുന്നു എന്നതല്ല. പ്രത്യുത, സ്നേഹത്തിന്റെ പങ്കുവയ്ക്കലിലൂടെ ദൈവാനുരൂപികളായിത്തീരുക എന്നുള്ളതാണ്. ക്രിസ്തുവിനെ കൂട്ടുചേർക്കാത്ത ദാമ്പത്യം അനുഗൃഹീതമാണെന്ന് പറയുക വയ്യ.

**8. പുതിയ ലോകക്രമം**

അനുനിമിഷം മാറിക്കൊണ്ടിരിക്കുന്ന ഒരു ലോകമാണ് നമുക്കു മുമ്പിൽ. LPG എന്ന ചുരുക്കെഴുത്തിൽ ദ്യോതിപ്പിക്കുന്ന മൂന്ന് പ്രവണതകൾ ലോകത്തിന് പുതിയമുഖം നൽകുകയാണ്. Liberalization (ഉദാരവത്ക്കരണം), Privatization(സ്വകാര്യവൽക്കരണം), Globalization (ആഗോളവൽക്കരണം) അവയുടെ ഉപോത്പന്നമായ നഗരവത്ക്കരണം (Urbanization) തുടങ്ങിയ നൂതനമായ പ്രതിഭാസങ്ങൾ ദാമ്പത്യബന്ധത്തെയും നിർണ്ണായകമായി സ്വാധീനിച്ചിട്ടുണ്ട്, ലോകം തന്നെ ഒരുഗ്രാമമായി ചുരുങ്ങിയപ്പോൾ ആത്മീയതയിലും ധാർമ്മികതയിലും ഊന്നിയ പൗരസ്ത്യ സംസ്കാരം ക്ഷയിക്കുന്നതായും വ്യക്തി സ്വാതന്ത്ര്യത്തിനും, അവനവന്റെ മാത്രം വളർച്ചയ്ക്കും, ഉയർച്ചയ്ക്കും പ്രാമുഖ്യം നൽകുന്ന പടിഞ്ഞാറൻ സംസ്കാരം പിടി മുറുക്കുന്നതായും നാം കാണുന്നു. ഒരു വ്യക്തി മറ്റൊരു വ്യക്തിയെ സ്വന്തം സുഖത്തിനും കാര്യസാദ്ധ്യത്തിനുമുള്ള ഒരു വസ്തുവായോ, ചരക്കായോ, മാത്രം കാണുന്ന ദുരവസ്ഥയാണത്. എനിക്കെന്തു കിട്ടും? എനിക്കെന്തു നേടാം? എന്ന തത്ത്വത്തിലേക്ക് നാം വഴുതി വീഴുമ്പോൾ ഭാര്യ-ഭർത്തൃബന്ധത്തിലെ നിസ്വാർത്ഥ സ്നേഹം അഥവാ ഉപാധികളില്ലാത്ത സ്നേഹം അസ്ഥാനത്താകുന്നു. എനിക്കെന്തു നേടാനാവും? എന്നതിനേക്കാൾ എന്റെ ജീവിത പങ്കാളിയ്ക്ക് എന്തു കൊടുക്കാനാവും എന്നു ചിന്തിക്കുമ്പോഴേ ക്രിസ്തീയ ദാമ്പത്യ ബന്ധം അർത്ഥപൂർണ്ണമാകൂ. മാറിക്കൊണ്ടിരിക്കുന്ന പുറംലോകം വ്യക്തികളിൽ വലിയ സ്വാധീനമാണ് ചെലുത്തുന്നത്. തകരുന്ന ദാമ്പത്യ ബന്ധം അതിന്റെ ബാക്കിപത്രമാണ്. ●



*അഭിമുഖം*

# അനുഭവങ്ങൾ, വീക്ഷണങ്ങൾ, വിശദീകരണങ്ങൾ (തുടർച്ച)

**തിരുവെഴുത്തുകളുടെ പഠനവും ധ്യാനവും വ്യക്തി-കുടുംബജീവിതത്തിൽ വളരെ പ്രധാനമാണെന്ന് തിരുമേനി ആവർത്തിച്ചു പറയാറുണ്ട്. ഇവ രണ്ടിന്റെയും പ്രാധാന്യം ഒന്നു വിശദീകരിക്കുമോ?**

തിരുവെഴുത്തുകളുടെ പഠനവും അവ സംബന്ധിച്ച ധ്യാനവുമാണ് ക്രിസ്തീയ ആത്മീകതയെയും ജീവിതത്തെയും രൂപപ്പെടുത്തുന്നത്. ദൈവവചന പഠനം യാഥാർത്ഥ്യത്തിൽ വിശ്വാസിയും ദൈവവുമായുള്ള സംവാദമാണ്. തിരുവെഴുത്തിൽ ദൈവവും മനുഷ്യനും തമ്മിലുള്ള ഇടപാടുകളുടെ കഥയും വിചിന്തനവുമാണ് ഉള്ളടക്കം. അതിന്റെ പഠനം വഴി ഒരു വ്യക്തി ക്രിസ്തുബന്ധത്തിൽ കടക്കുകയാണ്. ആ ബന്ധം വിശ്വാസിയുടെ ജീവിതം പാകപ്പെടുത്തുന്നതിനും വിശ്വാസാനുഭവത്തിൽ വളരുന്നതിനും വളരെ സഹായകമാകും. വിശ്വാസ ജീവിതത്തിലെ തിരിച്ചറിവുകളിലേക്കും അനുഭവങ്ങളിലേക്കുമാണ് വേദപുസ്തക പഠനം നയിക്കുന്നത്. ഇതില്ലാതെ ഒരു വിശ്വാസിക്ക് ജീവിക്കാനാവില്ല. ജീവവായു പോലെ അത് ആവശ്യമാണ്. ജീവിക്കുന്ന ക്രിസ്തുവിനെ സ്വന്തം ജീവിതത്തിൽ കണ്ടെത്തുന്നതിനുള്ള പ്രധാന മാർഗ്ഗമാണ് തിരുവചന പഠനം. ഈ പഠനം നൽകുന്ന തിരിച്ചറിവുകളുടെ സാത്മീകരണമാണ് ധ്യാനം.

**ഓർത്തഡോക്സ് പാരമ്പര്യത്തിൽ തിരുവചനം പാരമ്പര്യത്തിന്റെ ഭാഗമാണല്ലോ. എങ്കിലെന്തിന് തിരുവെഴുത്തിന് പ്രത്യേക പ്രാമുഖ്യം നൽകുന്നു?**

തിരുവെഴുത്തുകൾ മാത്രമാണ് സഭയുടെ അടിസ്ഥാന പാരമ്പര്യം. ഇത് ദൈവീക വെളിപാട് ആണ്. അതിൽത്തന്നെ സുവിശേഷങ്ങൾ കർത്താവിന്റെ വചനങ്ങളും പ്രവൃത്തികളും സംബന്ധിച്ച രേഖകളാണ്. തീർച്ചയായും അതിൽത്തന്നെ ലേഖകരുടെ വ്യാഖ്യാനം, ഊന്നലുകൾ, ഒഴിവാക്കലുകൾ, കൂട്ടിച്ചേർക്കലുകൾ എല്ലാമുണ്ട്. എങ്കിലും സഭയെ സംബന്ധിച്ചിടത്തോളം വിശ്വാസജീവിതത്തിന് ബദലും സമവുമായ രചനകൾ വേറെ ഇല്ല. അതുകൊണ്ട് തിരുവെഴുത്തുകളുടെ വിശിഷ്യാ സുവിശേഷങ്ങളുടെ പഠനവും അത് നൽകുന്ന വെളിച്ചവും പ്രബുദ്ധതയും ശക്തീകരണവും അതുല്യമാണ്. അതുകൊണ്ട് തിരുവെഴുത്തുകൾ സഭാപാരമ്പര്യം എന്ന സാധാരണ വ്യവഹരിക്കുന്ന ഗണത്തിൽ പെട്ടതല്ല. തിരുവെഴുത്തുകൾ മാത്രമാണ് സഭയുടെ ഏക ആധികാരിക പാരമ്പര്യം.

**സഭ രൂപപ്പെട്ട് മൂന്നു നൂറ്റാണ്ടുകൾ കഴിഞ്ഞല്ലേ പുതിയ നിയമം ഉണ്ടായതും ആധികാരികമായതും. അങ്ങനെയെങ്കിൽ സഭയുടെ ഒരു ഉല്പന്നം മാത്രമല്ലേ അത്?**

സഭ രൂപം പ്രാപിച്ചത് ക്രിസ്തുവിന്റെ ആളത്തത്തോടും സുവിശേഷത്തോടുമുള്ള വ്യക്തികളുടെ പ്രതികരണമായിട്ടാണ്. ശിഷ്യസമൂഹം കണ്ടെത്തിയ ക്രിസ്തുചിത്രവും അവർക്കു വെളിപ്പെട്ട സുവിശേഷവുമാണ് പുതിയ നിയമഗ്രന്ഥങ്ങളുടെ പ്രമേയം. അവ എഴുതപ്പെട്ട കാലത്തു തന്നെ അവ പ്രാമാണികരേഖകളായിരുന്നു. എന്നാൽ സമാന്തരമായി ഏറെ വ്യാജ രേഖകളും ഉണ്ടായി. അതുകൊണ്ട് സഭ ആധികാരികമായവയെ സമാഹരിച്ച് പ്രാമാണിക രേഖയാക്കി. അതാണ് പുതിയ നിയമം. അതിനാൽ അത് സഭയുടെ ഉല്പന്നമല്ല. ആധികാരികമായതിന് സഭ അംഗീകാരം കൊടുത്തു എന്നുമാത്രം. എഴുതപ്പെട്ട കാലം മുതൽക്കേ അവയ്ക്ക് സാർവ്വത്രിക അംഗീകാരം ഉണ്ടായിരുന്നു. അഗീകാരം ഇല്ലാതിരുന്നവയെ ഒഴിവാക്കി മറ്റുള്ളവയുടെ അംഗീകാരത്തിന് സ്ഥിരീകരണം ചെയ്യുകയാണ് സഭ ചെയ്തത്.

**സഭയുടെ പാരമ്പര്യവും ഇവയും തമ്മിൽ എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു?**

സഭയ്ക്ക് ദീർഘകാലമായി നിലനിൽക്കുന്ന പാരമ്പര്യങ്ങളുണ്ട്. കിഴക്കോട്ട് അഭിമുഖമായി നിന്നുകൊണ്ടുള്ള ആരാധനാ നിർദ്ദേശം, നോമ്പുകൾ, പ്രാർത്ഥനാക്രമം, വേദശാസ്ത്രങ്ങൾ എന്നിവയൊക്കെ അതേപടി വേദപുസ്തകത്തിൽ കാണണമെന്നില്ല. എന്നാലും വേദപുസ്തകത്തിന് വിരുദ്ധമായ പാരമ്പര്യങ്ങൾക്ക് സാധൂകരണമില്ല. വേദപുസ്തകത്തോടുള്ള പൊരുത്തമാണ് പാരമ്പര്യങ്ങൾക്ക് ആധികാരികത നൽകുന്ന ഘടകം. പാരമ്പര്യങ്ങളുടെ ആധികാരികതയുടെ ഉരകല്ലാണ് തിരുവെഴുത്ത് എന്നു പറയാം.

**തിരുവെഴുത്തുകളുടെ പുനർവായനയെക്കുറിച്ച് ചർച്ച നടക്കുന്ന കാലമാണല്ലോ ഇത്. ഫെമിനിസ്റ്റുകൾ, വിമോചന വേദശാസ്ത്രജ്ഞർ തുടങ്ങിയവർ അതിൽ ഉൾപ്പെടുന്നു. അതിനോടുള്ള സഭയുടെ പ്രതികരണമെന്താണ്?**

ഈ വിഷയത്തിൽ സഭയ്ക്ക് ആധികാരികമായ പ്രതികരണമുള്ളതായി അറിവില്ല. എന്നാൽ ആധുനിക ജീവിതസാഹചര്യങ്ങൾ, പ്രശ്നങ്ങൾ, ശാസ്ത്രീയ കണ്ടുപിടുത്തങ്ങൾ, വ്യവഹാരങ്ങൾ എന്നിവ ഉയർത്തുന്ന സമസ്യകൾക്ക് അർത്ഥവത്തായ ക്രിസ്തീയ പ്രതികരണങ്ങൾ ഉണ്ടാകേണ്ടതുണ്ട്. പരമ്പരാഗതമായ വേദവ്യാഖ്യാനങ്ങൾ പലപ്പോഴും തൃപ്തികരമല്ല. പുതുയുഗം ഉയർത്തുന്ന ചോദ്യങ്ങൾക്ക് മതിയായ ക്രിസ്തീയ ഉത്തരം തിരുവചനങ്ങളിൽ നിന്നു

കണ്ടെത്തുവാൻ കഴിയുന്നതു അവയുടെ പുനർവായനയിലൂടെയാണ്. അതു സാധിക്കുന്നില്ലെങ്കിൽ സഭയും അതിന്റെ വേദശാസ്ത്രവും കാലഹരണപ്പെട്ട് അപ്രസക്തമാവും. സഭയെ സാംഗത്യമുള്ളതാക്കി നിലനിർത്തുന്നത് തിരുവചനത്തിന്റെ സൂക്ഷ്മമായ പുനർവായനയും പണ്ഡിതോചിതമായ ഭാഷ്യവുമാണ്.

**തിരുവെഴുത്തിൽ ചരിത്ര-വേദശാസ്ത്ര വിഷയങ്ങളിൽ വ്യക്തമായ വൈരുദ്ധ്യങ്ങൾ ഉണ്ടല്ലോ. ഈ വിഷയത്തിനുള്ള മറുപടി?**

വേദപുസ്തകത്തിന് ഏകശിലാസ്വഭാവമുള്ള വേദശാസ്ത്ര വീഷണമില്ല. ഇതിൽ വൈവിധ്യമാർന്ന വേദശാസ്ത്ര മാതൃകകൾ ഉണ്ട്. യോഹന്നാൻ, പൗലോസ്, സമവീക്ഷണ സുവിശേഷങ്ങൾ ഇവയെല്ലാം വൈവിദ്ധ്യമാർന്ന വേദശാസ്ത്രങ്ങൾ ആണ് കാഴ്ചവയ്ക്കുന്നത്. ഇവയെല്ലാം ക്രിസ്തുസംഭവം അർത്ഥവത്തായി അവതരിപ്പിക്കുന്നതിനുള്ള ശ്രമങ്ങളാണ്. വൈരുദ്ധ്യം വേദശാസ്ത്ര-ആരാധനാ-അനുഷ്ഠാന രംഗങ്ങളിൽ നിലനിൽക്കുന്ന യാഥാർത്ഥ്യമാണ്. നിലവൽക്കരണം (Standardization) ആപൽക്കരമായ നീക്കമാണ്.

തിരുവെഴുത്തിനെ ചരിത്രരേഖയായി കാണാനാവില്ല. ക്രിസ്തുവിലൂടെ ഉള്ള വെളിപാടും അതിന്റെ വ്യാഖ്യാനവും അതനുസരിച്ചുള്ള ജീവിതവും ധാർമ്മികതയുമാണ് പുതിയ നിയമത്തിന്റെ ഉള്ളടക്കം. അവിടെ ചരിത്രം എന്നത് സത്യം വെളിപ്പെടുത്തുന്നതിനുള്ള ഒരു മാധ്യമം മാത്രമാണ്. ചരിത്രപരതയല്ല അത് വെളിപ്പെടുത്തുന്ന സത്യമാണ് പ്രധാനം. സത്യം വെളിപ്പെടുത്തുന്നതിന് ഉപയോഗിക്കുന്ന മാധ്യമം മാത്രമായി ചരിത്രത്തെ മനസ്സിലാക്കാൻ സാധിക്കണം.

**ചരിത്രത്തിലെ യേശു (Historical Jesus) വിനെ കണ്ടെത്താൻ പാശ്ചാത്യ പുതിയ നിയമപണ്ഡിതർ അന്വേഷണം നടത്തിയല്ലോ. അതിൽ അവർ എത്രമാത്രം വിജയിച്ചു. ഏതെങ്കിലും തരത്തിൽ സഭാജീവിതത്തിന് അത് ഗുണകരമായോ?**

പുതിയ നിയമത്തിലെ യേശുവിനെപ്പറ്റിയുള്ള അവതരണങ്ങളിലെ വൈരുദ്ധ്യം ആധുനിക മനസ്സിന് അവിശ്വസനീയമായ അവതരണങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ സുവിശേഷത്തിലെ യേശുവിന്റെ ചരിത്രപരത കണ്ടെത്തുവാനുള്ള ശ്രമമാണ് ഈ പഠനങ്ങളിൽ നടന്നത്.

സുവിശേഷങ്ങളിൽ നിന്ന് യേശുവിന്റെ ജീവചരിത്രം കൃത്യമായി കണ്ടെത്താനാവില്ല. കാരണം, അവ ക്രിസ്തുചരിത്രമല്ല, ചരിത്ര ക്രിസ്തുവിനെ അവതരിപ്പിക്കാനുള്ള ശ്രമവുമല്ല, ചരിത്രത്തിൽ പ്രത്യക്ഷനായ ക്രിസ്തുവിനെ ശിഷ്യസമൂഹം മനസ്സിലാക്കിയതും ക്രിസ്തുവിനോടുള്ള വിശ്വാസപ്രതികരണവും ക്രിസ്തുഭാഷ്യവുമാണ് പുതിയനിയമം. അതുകൊണ്ട് ചരിത്രാടിസ്ഥാനത്തിൽ ക്രിസ്തുചരിതത്തിന്റെ പുനഃസൃഷ്ടി എളുപ്പമല്ല. ആദിമ ക്രൈസ്തവ സമൂഹത്തിന് ക്രിസ്തുവിനെ അനുഭവതലത്തിൽ ബോധ്യപ്പെട്ടു. അങ്ങനെ മനസ്സിലാക്കിയ യേശുവിനെ വെളിപ്പെടുത്തുന്നതിന് ചരിത്രത്തെ സുവിശേഷകർ ഉപയോഗപ്പെടുത്തുകയായിരുന്നു.

**ഫിലിപ്പന്റെ സുവിശേഷം, തോമസിന്റെ സുവിശേഷം, യാക്കോബിന്റെ സുവിശേഷം എന്നിവയൊക്കെ എന്താണ്?**

ഇവയെല്ലാം തന്നെ ഉപരി ഈജിപ്തിലെ 'നഗ്ഹമ്മതി' എന്ന സ്ഥലത്ത് കണ്ടെത്തിയ പ്രാചീന ചുരുളുകളിലെ രചനകളാണ്. ക്രിസ്തുസഭയ്ക്ക് സമാന്തരമായി രൂപം കൊണ്ട ഗ്നോസ്റ്റിക് വിശ്വാസികൾ രൂപം കൊടുത്ത എഴുത്തുകൾ ആണ് അവ. ഇവയിൽ നിന്ന് ആധികാരിക ഗ്രന്ഥങ്ങളെ വേർതിരിക്കുക എന്ന ഉദ്ദേശ്യത്തിലാണ് പുതിയനിയമ കാനോൻ സൃഷ്ടി നടന്നത്. എങ്കിലും ഈ ഗ്നോസ്റ്റിക് രചനകളുടെ സ്വാധീനം സഭയിൽ നിലനിൽക്കുന്നില്ല.

**'Solo Scriptura' എന്നതിനെപ്പറ്റി എന്തു പറയാനുണ്ട്?**

Solo Scriptura (തിരുവെഴുത്തുകൾ മാത്രം) എന്നത് വേദപുസ്തക സമ്പൂർണ്ണതയെക്കുറിച്ചുള്ള മാർട്ടിൻ ലൂഥറിന്റെ ചിന്തയാണ്. വേദപുസ്തകത്തിന്റെ പ്രാധാന്യവും ക്രിസ്തീയ ജീവിതത്തിൽ അതിനുള്ള സ്വാധീനവും അവഗണിക്കപ്പെട്ട സാഹചര്യത്തിൽ തിരുവെഴുത്തിന് ഊന്നൽ കൊടുക്കാനുള്ള ആഹ്വാനമാണ് അത്. ഈ വസ്തുത തിരിച്ചറിയാത്തവർ ആ ഭാഷാപ്രയോഗത്തിന്റെ പേരിൽ അദ്ദേഹത്തെ പരിഹസിച്ചു എന്നുമാത്രം.

**വേദപുസ്തകം (തിരുവെഴുത്ത്) സഭയുടെ പ്രമാണഗ്രന്ഥമായതുകൊണ്ട് അതിന്റെ വ്യാഖ്യാനം സഭയുടെ വിശ്വാസത്തിലും പാരമ്പര്യത്തിലും നിന്നുകൊണ്ടാകണമെന്ന് പറയുന്നുണ്ടല്ലോ?**

തിരുവെഴുത്ത് വിശ്വാസസമൂഹത്തിന്റെ അനുഭവവും തിരിച്ചറിവുമാണ്. അതുകൊണ്ട് വിശ്വാസാനുഭവത്തിലാണ് തിരുവെഴുത്തിന്റെ ആഴം മനസ്സിലാക്കാനും അതിൽ നിന്ന് സാന്ത്വനവും ശാക്തീകരണവും പ്രാപിക്കുവാനും സാധ്യമാകൂ. എന്നാൽ തിരുവെഴുത്തുകൾ വിശ്വാസത്തോടെ പഠിക്കുന്നവർക്ക് അതിൽ നിന്ന് ലഭിക്കുന്ന പ്രേരണയും പുതുജീവനും വലുതായിരിക്കും. സഭയുടെ അടിസ്ഥാന വിശ്വാസത്തിൽ നിന്നാണ് വേദപുസ്ത പഠനം നടക്കുന്നത്. സാധാരണ ക്രിസ്തീയ ജീവിതത്തിൽ തിരുത്തലുകൾക്ക് ഈ പഠനം ഏറെ സഹായകവുമാണ്.

**എന്താണ് ഈ വിഷയത്തിൽ അങ്ങയുടെ ചിന്ത?**

വേദപുസ്തകത്തിന്റെ പഠനവും ധ്യാനവും നമ്മുടെ വ്യക്തി-കുടുംബ ജീവിതത്തിൽ സാധാരണ ചര്യയായി മാറണം. ഇത് ജീവിതത്തിൽ വരുത്തുന്ന പരിവർത്തനവും ശാക്തീകരണവും നൽകുന്ന സ്വാതന്ത്ര്യം അതിമഹത്തായിരിക്കും. അതുമൂലം ക്രിസ്തുബന്ധം സജീവമാകും. അതു നൽകുന്ന വിമോചനത്തിന്റെ സന്തോഷം അപരിമേയമാണ്.

# AN ORTHODOX CHRISTIAN APPROACH TO HEALING THE POST TRAUMATIC SPIRITUAL DISORDER OF CONTEMPORARY HUMANITY

Rev. Dn. Stephen Muse, PhD, LMFT, CCMHC, BCETS

*That a soul is truly intelligent and virtuous is shown in a man's walk, voice, smile, conversation and manner.*

*–St Anthony*[1]

*The human person "is a being whose essential qualities cannot be grasped by the human mind working within the limits of rational, psychological or sensory perception."*

*—Philip Sherrard*

## Part-I The Hhuman Person

"What is Man that Thou art mindful of him, and the Son of Man that Thou visits him"(Psalm 8:4)? The Psalmist's question anticipates a threefold response in light of the revelation of Jesus Christ that frames our subject. First, there is the *what*—created human life which shares the same biological limits and design with the entire creation. (This is the domain of science and medicine.) Secondly, each human being is a *who*—a locus of personal consciousness distinct from every other, with personalities intersubjectively co-created and socially constructed. (This is the domain of psychology.) A third ontological dimension – *Eternal Thou* is needed to reveal how the uniquenesses and ethical relation of persons are related in a common web of relationship that overcomes individual isolation inherent to socio-cultural differences. (This is the domain of revealed theology.)

## The trialogical reciprocity of psychotherapy äéÜ-Ëïãïòan ontology of love

In the God-Man Jesus Christ, the uncreated divine nature and created nature are seamlessly united in one person while remaining distinctly two natures. It is through being remembered in Christ through existential and mysteriological participation in the Eucharistic Body of Christ, which is the Church, that sickness and sin are healed. The human "Image" or potential for developing toward full personhood in the likeness of God is synergistic, personal and communal. Both human and divine respond in an eternal liturgy that occurs in and through Christ, the Logos.

Relief from suffering is found through experiencing transcendent meaning, which transfigures the *what* of biological determinism as well as the *who* of intersubjective isolation, bringing them to fruition in response to the *Thou* of the *Logos*. All this is inherent in Jesus' declaration, "Wherever two or three are gathered in my Name, I AM among them (Mt 18:20)." The trialogical encounter that occurs at the altar of the heart, between I and other, where the existential and ontological meet in and through Christ, I call *äéÜ-Ëïãïò* (Muse, 2011).

*ÄéÜ-Ëïãïò* by definition locates pastoral psychotherapy in the domain of the noetic uncreated dimension in which two or more persons are recreated through the trialogical reciprocity that occurs as each is revealed as *Thou* in and through Christ who *is* love. In other words, however dimly realized, it is Christ who loves and prays for the world through me and it is Christ through whom I love and pray for the world and it is Christ who loves and prays for me through the world. Apart from Christ the human person and society cannot be healed and fulfill our collective or individual purposes. This is because apart from Christ there is no escape from themonological confines of inter-subjectivity and its mutual projections. Projection always involves experience of an object. It is only by being in relationship with the *Thou* of the other that transformation can occur. Apart from Christ who unites all persons, there is no transfiguration (metamorphosis) from the monologue of *seeming*-in-relationship to the ontological Eucharistic gift of '*being*-in-relationship' as Father, Son, and Holy Spirit are in relationship. The psychotherapist's encounter at the altar of the heart of the patient becomes an existential extension of the priest's encounter at the altar of the Divine Liturgy with God and the entire community. Both are invocations for re-membering ourselves in Christ, whereby what Zizioulas (2007) has termed a "communion of otherness" becomes possible for all the church, the same as it exists among the *perichoresis* of the Holy Trinity. In Christ this becomes true for all humankind.

Theologically, the call and response between therapist and patient in psychotherapy is an invocation to God, the same as the priest at the altar in the Divine Liturgy (Holy Qurbana). Transformation occurs as intersubjective process among per-

sons, as on the Emmaus Road between the two disciples and Jesus (Luke 24:13-35), opens up to the trialogue of *äéÜ-Ëïãïò*as Christ is noetically revealed among them. In the midst of the traumatic grief and suffering following the murder of Jesus, Luke and Cleopas offer welcome to a stranger. By so doing, as St Paul suggests, they entertained not only an angel unaware (Hebrews 3:2), but the risen Lord himself. They responded to noetic illumination in the midst of psychological pain.

The inescapable trauma and grief stemming from intersubjective isolation and the *folie a deux* of mutual projection and scapegoating that totalizes the other, is overcome through the welcome and respect of love leading to Theophany that arises from being re-membered in Christ, as in the breaking of the bread in the Emmaus Road encounter. This eternal ontological relationship in Christ between all persons exists prior to its existential recognition in time and space. That is to say, the forgiveness and love of God for all humanity in Christ precedes humanity's recognition of it. Or as Fr. Lev Gillet (1954, p 120) has recognized, "There is a cross in the heart of God before creation."

## Etiology of Post Traumatic Spiritual Disorder

The Eastern Orthodox Church views sickness and sin primarily as being a consequence of the exercise of human freedom in ways which violate the harmony of God's creation. The rupture in Communion results in a cascade of dismemberment reaching from spiritual to psychosocial to physical illness, addiction and violence to creation. This condition is indicative of both illness and spiritual developmental immaturity that need life-long treatment, care and formation. What Patristic witnesses call *theosis* or salvation is found through ascetical response of fidelity to Grace, synergistically with Christ and in ethical relationship with all whom Christ loves, that is, the entire creation.

On the personal level, symptoms of Illness resulting from the rejection of *äéÜ-Ëïãïò*in favor of monologue include fragmentation, dissociation, psychic numbing, anxiety, depression, contra natural cravings and impulsivity. Addiction is a modern equivalent of the end result of what the Fathers call "captivity" to the various afflictive emotions or "seven deadly sins" and their derivatives that infect the mind, such as avarice, pride, vainglory, lust, gluttony, and so forth. However, in modern diagnostic terms we would easily recognize the full complex of these symptoms as being consistent with a diagnosis of post traumatic disorder. Self-medication resulting in various types of addictions is symptomatic of a deeper more encompassing illness. In order to capture both the psychological and transcendent spiritual dimensions of the human predicament, I view the post lapsarian condition as "Post Traumatic Spiritual Disorder" (Muse, 2011).

At the individual psychological level, post traumatic spiritual disorder can be understood as manifesting as a variety of disorders currently catalogued in the DSM-V (2013). However it is more comprehensive than mental illnesses. Post traumatic spiritual disorder is a consequence of the human choice in the face of the gift of being created. The consequences of refusing our transcendent origins, results in the objectification and depersonalization of the self, others, God and the creation. Everything from the divisions among people and nations to the destruction of the great whales and ocean life to the rain forests and vanishing species of plant and animal life are affected. Creation is increasingly defined in worldly terms as economic values in contrast to being intrinsically valuable parts of a sacred cosmos. The actions resulting from this depersonalization of creation are symptomatic of post traumatic spiritual disorder at the systemic level as well.

Met. Hierotheos Vlachos in his book entitled *Orthodox Psychotherapy* (1994) offers a synthesis of Patristic perspectives which outline the diagnosis of the human condition in light of the hesychastic and neptic psychology of the noetically illumined Fathers. Their observations contained in the collections ofthe *Philokalia Vol. I-V* (1976, 1995) describe the stages of the beguilement of attention leading to sin and the ascetical means of cure through inner prayer, spiritual watchfulness, and repentance. A high quality attention turned toward God from a collected inner state is essential to the formational struggle to become vulnerable to the divine uncreated energies offered freely to everyone, for as it is written, 'The rain [of divine Grace] falls on the just and unjust alike" (Mt 5:45) but not all receive it.

Romanides (2008), reflecting on the teaching of these Patristic witnesses, suggests that being mentally and spiritually ill "means your *nous*[1]is full of thoughts….Anyone whose soul has not been purified from the passions[2] and who has not reached the state of illumination through the grace of the Holy Spirit is mentally ill" (pp. 23-24). This is a much more comprehensive and robust diagnostic gnosology than the purely psychiatric categories offered

in the DSM-V or the International Classification of Disease which are culturally normative, biologically determined, and lacking spiritual discernment and the recognition of full human potential in light of the revelation of Christ. A human being created in the Image of God who has not attained to the likeness of Christ in *theosis*, remains spiritually ill, however defined by normative psychiatry and psychological science. Such illness has physical, emotional, and intellectual consequences as well as ontological significance that remains beyond the bounds of science to assess. Because the deep structure of human *being* is made in the Image of God, *person* will always be beyond the ability of science to fully comprehend. St Gregory of Nyssa points out (Nellas, 1987, p22) that just as the essence of God is incomprehensible, so the Image of God in which humankind is created, is equally incomprehensible. For this reason science remains ever the servant of theology. There is conflict between the two only when science oversteps its bounds explicitly by making metaphysical claims, or when ontology is collapsed into psychology and there is an absence of theological critique. This inevitably results in accepting cultural definitions of the human person which lack the fullness of participation in the transcendent divine life that God intends.

According to early Fathers of the Eastern church, the beginning of suffering depicted in Genesis chapter three, is the result of freedom used in contranatural ways that opposes both God and human society. The result is that the *nous*left the heart and humanity identified with reason and emotional and instinctive desires, losing discernment and becoming subject to passionate captivity by fantasies. In this fragmented state, captivity to passions gains power through the medium of hypnotic identifications leading to automatic thoughts, unbridled affect and compulsive actions. Repeated often enough, these become addiction. Spiritually speaking, one is essentially "held captive by sin." The Eastern church understands this as being the consequence of the untested spiritual immaturity of the prototypical first human beings, Adam and Eve, who ate of the apple forbidden to them by God which created a rupture between self, others, creation and God.

The church diagnoses humankind as not being in our right mind which belongs united with the body so that the whole "heart" of a person is receptive and obedient to divine Grace. The state of psychic fragmentation accurately depicts the plight of contemporary humanity who depend on a knowledge of good and evil which can be obtained and acted upon without relationship to our uncreated transcendent origins. That is to say, we act on knowledge of self, others and the world acquired apart from *äéÜ-Ëïãïò*. As the Sophist philosopher Protagoras proclaimed several hundred years before Christ, "Man is the measure of all things" rather than God, a view that has remained a temptation up to the 21st century. Theologically, this illness of pride on the part of humankind is perhaps most accurately described by the prophet Isaiah (47:10) who writes, "You have trusted in your own wickedness. You said, 'No one sees me.' Your wisdom and knowledge have beguiled you. You said in your heart, "I AM" and there is none besides me." Monologue is at the heart of the spiritual beguilement which allows creation to usurp the uncreated God's place and constitutes the spiritual root of all suffering and captivity by every addiction.

## Treatment involves both science and divine Grace

St. Basil, in the fourth century, considered the church a hospital and the priests to be therapists of the soul. He created the first modern hospital complete with quality control, a geriatric wing, social services, and sanitation, uniting spiritual care, worship and the best science of the day in promoting the well-being of persons (Miller, 1985). From its beginnings, the church has cooperated with science in a harmonious way that was responsive to the spiritual and psychological dimensions of human suffering (Larchet, 2002, 2005, 2012). For this reason, in many ways, salvation is best conveyed in the modern context as involving medical, psychotherapeutic and hermeneutical dimensions in the context of a life-long developmental process that unfolds through the trialogue of personal encounter between humanity and God.

Orthodox Christianity's therapeutic effectiveness has been empirically validated, not by, time-limited, double-blind, randomized, controlled studies, but rather over millennia-long periods of history replete with replicability of numerous examples, throughout varying historical epochs, over huge cross-cultural catchment areas involving billions of subjects. In this way, a recognizable pattern of human development and Christian formation is detailed throughout Church history. Orthodox Christian history in this respect constitutes a virtual two-thousand year "therapy trial" far more rigorous and comprehensive than the research for current evidence-based approaches stemming from brief time-limited studies pharmaceutical

companies use to get new medicines on the market that are barely better than placebos.Orthodox Christian therapy of repentance, watchfulness, prayer, asceticism, almsgiving and worship originating in response to noetic experience of personally encountering divine revelation from beyond the created order, goes far beyond the so-called "best practices" of modern psychotherapy techniques. Grace is an indeterminate noetic but real factor acting in and through persons who encounter one another in loving, genuine and humane ways leading to transformed lives.

Modern understanding of the neurobiology of addiction and the struggle to maintain abstinence and achieve mental sobriety parallels the traditional teachings on spiritual warfare and guarding the heart detailed by various Patristic witnesses who have made careful self-observations of this process from very refined states of consciousness. The basic Patristic analysis of sin recognizes how the energy of attention is diverted and subtly captured by *logismoi* (thoughts leading to sin) that enter the mental space triggering the imagination and drawing off enough psychic energy to involve the will in carrying out purchase of what is offered to the unguarded heart via the mind. Modern studies of the plasticity of the brain and its neurochemistry reveal how the stages outlined by the Patristic witnesses is paralleled by changes in brain structure which result from how the attention is used.

The attention is first distracted, then combines with imagination fueled by seeking pleasure which if not interrupted leads to the will taking action to align itself with and acquire what is desired. Through repetition, this process stimulates the brain to grow and develop in the direction of supporting addictive compensations. The process is like adding "cookies" to the human bio-computer so it can connect faster and more completely to a given internet site. The brain essentially learns to induce a hypnotic state through hijacking the dopaminergic pleasure centers of the brain, giving greater and greater prominence in decision-making, to the nucleus accumbens and the ventral tegmental areas which are responsible for dopamine production underlying addictive craving.

*(to be continued)*

## അറിയിപ്പ്

രണ്ടുവർഷത്തേയ്ക്ക് വരിസംഖ്യ അടച്ചിട്ടുള്ള ബഹുഭൂരിഭാഗം പേരുടെയും വരിസംഖ്യാ കാലാവധി കഴിഞ്ഞിരിക്കുകയാണ്. ദയവായി അത് പുതുക്കുക. 1000 രൂപ അടച്ച് ആയുഷ്ക്കാല വായനക്കാരാകുവാൻ ശ്രമിക്കുക.

**ബുള്ളറ്റിൻ വരിസംഖ്യ നിരക്ക്**

1 വർഷത്തേക്ക് - 100 രൂ.

ആയുഷ്ക്കാലം - 1000 രൂ.

വിദേശത്ത് - 6000 രൂ. (100 ഡോളർ)


## SANTHULA TRUST HOSPITAL



**Vadakara, Koothattukulam**
**Ph: 0485-2250745, 9447575091**

*A Clinical and Research Centre of Neuro - Behavioural Science*

**OUR SERVICES:**

- Counselling Centre
- Child and Adolescent Guidance Clinic
- Marital Therapy Centre
- Mental Health Hospital
- De-addiction Clinic with AA Groups
- Geriatric Care Centre and 'Pakal Veedu'
- Rehabilitation Unit
- Learning Disability Clinic
- Resource Centre for Community sensitization and health education
- Psychiatric Training Centre for students- nursing, psychology and psychiatric social work.

**OUR FACILITIES:**

- Regular OPD form 8.30 a.m. to 4 p.m. on Monday to Friday and upto 1 p.m. only, on Saturdays.
- 24 hr. psychiatric emergency-service
- 150-bedded in-patient residential facility comprising of hygienic, well ventilated general wards, single and double rooms (with and without A/C)

## ഏകദിനധ്യാനയോഗം നടന്നു

പാലക്കുഴ: കണ്ടനാട് ഈസ്റ്റ് ഭദ്രാസന മർത്തമറിയം വനിതാസമാജത്തിന്റെ ക്രിസ്മസ്കാല ധ്യാനയോഗം 2015 ഡിസംബർ 19 ശനിയാഴ്ച പാലക്കുഴ സെന്റ് ജോൺസ് ഓർത്തഡോക്സ് സുറിയാനി പള്ളിയിൽ വച്ച് നടന്നു. 'പ്രത്യാശയുള്ളവരായിരിപ്പീൻ' എന്ന വിഷയത്തെ അടിസ്ഥാനമാക്കി ഡോ. തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്ത, ജിജി ജോൺസൺ എന്നിവർ ക്ലാസ്സുകൾ നയിച്ചു. സമാജം വൈസ് പ്രസിഡന്റ് ഫാ. മേരീദാസ് സ്റ്റീഫന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഭദ്രാസന ഭാരവാഹികളായ തങ്കമ്മ ദാനിയേൽ, അന്നമ്മ കുര്യാക്കോസ്, മേരിവർഗീസ്, അല്ലി ജോർജ്ജ്, മീനുമറിയം ജോസഫ് എന്നിവർ സംസാരിച്ചു. പള്ളിവികാരി ഫാ. ഗീവർഗീസ് പതപ്പിള്ളിൽ, യൂണിറ്റ് ഭാരവാഹികളായ അമ്മിണി മാത്യു, ചിന്നമ്മ ജോണി, മോളി ജോൺ, എലിസബത്ത് തോമസ്, സാറാമ്മ ജോസഫ്, സോമാ ജോൺ, ഓമന ഔസേഫ്, അനില ഷാജു, ഏലിയാമ്മ ചാക്കോ, അനു ജി. മാത്യു, ജയ സണ്ണി, ബിന്ദുബിജു, ജെസ്സി ജേക്കബ്, പള്ളി ഭരണസമിതിയംഗങ്ങൾ എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി. ഉച്ചകഴിഞ്ഞ് നടന്ന കാരൾഗാന മത്സരത്തിൽ പാലക്കുഴ സെന്റ് ജോൺസ് യൂണിറ്റ് ഒന്നാം സ്ഥാനവും കണ്യാട്ടുനിരപ്പ് സെന്റ് ജോൺസ്, പാങ്കോട് സെന്റ് ജോൺസ് എന്നീ യൂണിറ്റുകൾ യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങളും നേടി. തുടർന്ന് മാരാങ്കണ്ടത്തിൽ അന്നമ്മാ ഫിലിപ്പ്, ബസ്ക്യാമോ സാറാമ്മ സക്കറിയ എന്നിവരുടെ ഓർമ്മയ്ക്കായി സമാജം ഏർപ്പെടുത്തിയ ചികിത്സാ സഹായനിധിയും മത്സരവിജയികൾക്കുള്ള സമ്മാനങ്ങളും ട്രോഫികളും അബി തിരുമേനി വിതരണം ചെയ്തു. ധാരാളം ബഹുമാന്യരായ വൈദീകരുടേയും സമാജാംഗങ്ങളുടേയും സാന്നിധ്യം യോഗത്തിന് കൂടുതൽ സന്തോഷം പകർന്നു.


**ഡയോസിഷൻ ബുക്ക് സെന്റർ**

**അരമന കോംപ്ലെക്സ്, മൂവാറ്റുപുഴ**

സഭാ സംബന്ധമായ എല്ലാ പ്രസിദ്ധീകരണങ്ങളും,
ആത്മീയ വേദശാസ്ത്ര ഗ്രന്ഥങ്ങളും,
ആരാധനയ്ക്കാവശ്യമായ മറ്റ് സാധനങ്ങളും
ഇവിടെ ലഭ്യമാണ്.

**ഗിലയാദ് മരിയൻ ധ്യാനകേന്ദ്രവും വയോഭവനവും**

**വടകര, കൂത്താട്ടുകുളം**

Ph: 9447417867, 9961636342

ജാഗരണ പ്രാർത്ഥന : എല്ലാ ആദ്യവെള്ളിയാഴ്ചയും 6 p.m. മുതൽ

വി. കുർബ്ബാന : ശനി 10. a.m., ഞായർ 7 a.m.

സൺഡേസ്കൂൾ : ഞായർ 8.30 a.m. മുതൽ 12 വരെ.

***വയോഭവനത്തിൽ സൗജന്യമായും അല്ലാതെയും*** (Free and Paid)
**പ്രവേശനം നൽകുന്നു**




RNI No. KERMAL/2012/46014 Date of Publication 15-01-2016 Licence No. KL/CR/ALU/WPP-02/2013-15
Reg. No. KL/ALU/05/2016-2018 Price Rs. 10/- Licensed to Post Without Pre-payment



## ഫ്രണ്ട്സ് സർക്കിൾ സമ്മേളനം

മുളന്തുരുത്തി: സ്വാശ്രയ ഫ്രണ്ട്സ് സർക്കിളിന്റെ പ്രഥമ സമ്മേളനം 2016 ജനുവരി 24-ാം തീയതി ഞായറാഴ്ച വൈകുന്നേരം 4 മണിക്ക് വെട്ടിക്കൽ ഉള്ള സ്വാശ്രയ ട്രെയിനിംഗ് & റീഹാബിലിറ്റേഷൻ സെന്റർ ഓഡിറ്റോറിയത്തിൽ ചേരുന്നതാണ്. സ്വാശ്രയ ചാരിറ്റബിൾ ട്രസ്റ്റ് പ്രസിഡന്റ് ഡോ.തോമസ് മാർ അത്തനാസ്യോസ് മെത്രാപ്പോലീത്ത യോഗത്തിൽ അദ്ധ്യക്ഷത വഹിക്കും. മുഖ്യഅതിഥി എ. റ്റി. ജയിംസ് ഐ. എ. എസ്. (Rural Development commissioner) യോഗം ഉദ്ഘാടനം ചെയ്യുന്നതും മുഖ്യപ്രഭാഷണം നിർവ്വഹിക്കുന്നതുമാണ്..

സ്വാശ്രയ ട്രെയിനിംഗ് & റീഹാബിലിറ്റേഷൻ സെന്ററിനുവേണ്ടി 25000 രൂപയോ അതിലധികമോ സംഭാവന ചെയ്തവരുടെ കൂട്ടായ്മയാണ് 'സ്വാശ്രയ ഫ്രണ്ട്സ് സർക്കിൾ.' പ്രസ്തുത സമ്മേളനത്തിൽ വച്ച് അഭി.തിരുമേനി അവർക്ക് ആയുഷ്ക്കാല അംഗത്വ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യും. സന്തുലയുടെ എല്ലാ പൊതുചടങ്ങുകളിലും അവർ ക്ഷണിതാക്കളായിരിക്കും.

യോഗത്തിൽ പോൾ.പി.കുന്നത്ത് (റിട്ട.ഡി.എഫ്.ഒ) എം.എസ്.അന്നം (റിട്ട.എച്ച്.എസ്.എ) എന്നിവർ സന്തുലയ്ക്ക് ആശംസകൾ നേർന്നുകൊണ്ടു സംസാരിക്കും. സ്വാശ്രയയുടെ ഉപാദ്ധ്യക്ഷൻ ഫാ.മേരിദാസ് സ്റ്റീഫൻ സ്വാഗതവും മാനേജർ റജി എബ്രഹാം നന്ദിയും ആശംസിക്കും. സ്വാശ്രയയുടെ ഭരണസമിതി അംഗങ്ങൾ അന്തേവാസികൾ ജീവനക്കാർ, ഫ്രണ്ട്സ് സർക്കിൾ അംഗങ്ങൾ എന്നിവർ സമ്മേളനത്തിൽ പങ്കെടുക്കും. സ്വാശ്രയ കുടുംബം വിവിധകലാപരിപാടികൾ അവതരിപ്പിക്കും. യോഗാനന്തരം സ്നേഹവിരുന്നും ഉണ്ടായിരിക്കും.

നട്ടെല്ലിനു ക്ഷതമേറ്റ് നടക്കാൻ കഴിയാത്തവരായി ത്തീർന്നവർക്ക് അവരുടെ ദിനകൃത്യങ്ങൾ സ്വയം നിർവ്വഹിക്കുവാൻ പരിശീലനം നൽകി പുനരധിവാസിപ്പിക്കുന്ന സ്ഥാപനമാണ് സ്വാശ്രയ.

## ഉപവാസ പ്രാർത്ഥന

മുൻ വർഷങ്ങളിലെന്നപോലെ ഇത്തവണയും കണ്ടനാട് ഈസ്റ്റ് ഭദ്രാസനം മൂന്നുനോമ്പുകാലം (ജനുവരി 18, 19, 20) പ്രത്യേക പ്രാർത്ഥനകൾക്കും ഉപവാസത്തിനുമായി നീക്കിവച്ചിരിക്കുന്നു. ഭദ്രാസന മെത്രാപ്പോലീത്ത ഡോ. തോമസ് മാർ അത്താനാസ്യോസ് തിരുമേനി മൂന്നുദിവസവും പാമ്പാക്കുടയിലുള്ള സമന്വയ എക്യുമെനിക്കൽ സ്റ്റഡീസ് & ഡയലോഗ് സെന്ററിൽ താമസിച്ച് അവിടെ നടക്കുന്ന പരിപാടികൾക്ക് നേതൃത്വം നൽകുന്നതാണ്. ഭദ്രാസനത്തിലെ വൈദീക സംഘത്തിന്റെ പ്രത്യേക ചുമതലയിലാണ് പരിപാടികൾ നടക്കുന്നത്. പ്രാർത്ഥന, ഉപവാസം, വചനശുശ്രൂഷ, വേദപഠനം, ധ്യാനം എന്നിവയാണ് പരിപാടിയിലെ മുഖ്യ ഇനങ്ങൾ. 18-ാം തീയതി രാവിലെ 9.30 ന് ആരംഭിക്കുന്ന പരിപാടി 20-ാം തീയതി ഉച്ചകഴിഞ്ഞ് 2.30-ഓടെ സമാപിക്കും. പങ്കെടുക്കുന്നവർക്ക് സമന്വയയിൽ താമസസൗകര്യം ഒരുക്കിയിട്ടുണ്ട്. മൂന്നുദിവസവും മെത്രാപ്പോലീത്തയോടൊപ്പം ഉപവാസ പ്രാർത്ഥനകളിൽ പങ്കെടുക്കുവാൻ എല്ലാവരേയും ക്ഷണിക്കുന്നു.

## ഗിലയാദിൽ ക്രിസ്മസ് നൈറ്റ് പ്രോഗ്രാം

വടകര ഗിലയാദ് ധ്യാനകേന്ദ്രത്തിൽ ഡിസംബർ 25 വെള്ളിയാഴ്ച ക്രിസ്മസ് നൈറ്റ് പ്രോഗ്രാം നടത്തി. വൈകിട്ട് 6 ന് സന്ധ്യാനമസ്കാരത്തിനുശേഷം ചേർന്ന സമ്മേളനത്തിൽ വികാരി ഫാ. മാത്യൂസ് കാഞ്ഞിരംപാറ സ്വാഗതം ആശംസിച്ചു. ഫാ. ഏലിയാസ് മണ്ണാത്തിക്കുളം അദ്ധ്യക്ഷത വഹിച്ചു. അഡ്വ. വെരി. റവ. ഗീവർഗീസ് റമ്പാൻ ക്രിസ്മസ് സന്ദേശം നൽകി. ഫാ. പൗലോസ് സ്കറിയ എലപ്രയിൽ, ജോർജ്ജ് ഫിലിപ് മംഗലശ്ശേരിൽ, കെ.ജെ. ജോർജ്ജ് കണിയാലിൽ എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു. എം.എസ്. ജോണിന്റെ നേതൃത്വത്തിൽ ശ്രീമതി ഷീല തോമസ്, അന്നസാറ എന്നിവരടങ്ങുന്ന സംഘത്തിന്റെ ക്രിസ്മസ് ഗാനശുശ്രൂഷ നടന്നു. ഫാ. മാത്യൂസ് കാഞ്ഞിരംപാറ ബൈബിൾ സംഭവത്തെ ആസ്പദമാക്കി 'ഭൂമിയിലേക്കിറങ്ങിയ സ്വർഗ്ഗം' എന്ന കഥാപ്രസംഗം അവതരിപ്പിച്ചു. ഗിലയാദ് സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ എ.വി. മത്തായി കൃതജ്ഞത പറഞ്ഞു. യോഗാനന്തരം സ്നേഹവിരുന്നും ഉണ്ടായിരുന്നു.

## സമന്വയ സ്റ്റഡി സർക്കിൾ പ്രോഗ്രാം

പാമ്പാക്കുട: സമന്വയ സ്റ്റഡി സർക്കിൾ പ്രോഗ്രാമിന് പ്രോജ്ജ്വലമായ പുനരാരംഭം. എല്ലാ മാസവും നടന്നുവന്നിരുന്ന സമകാലീന സാമൂഹ്യ-രാഷ്ട്രീയ-മതസംഭവങ്ങളെ ചർച്ച ചെയ്യുന്ന പൊതുവേദിയാണ് പുനരാരംഭിച്ചിരിക്കുന്നത്. 'വസുധൈവകുടുംബകം' എന്ന ഭാരതീയ സങ്കല്പത്തിന്റെ കാലിക പ്രാധാന്യത്തെക്കുറിച്ചുള്ള സംവാദത്തോടെയായിരുന്നു തുടക്കം. പ്രശസ്ത സാമൂഹ്യ-മനുഷ്യാവകാശ പ്രവർത്തകനും മുൻ മന്ത്രിയും എം.പി.യുമായ സ്വാമി അഗ്നിവേശ് ആയിരുന്നു മുഖ്യാതിഥി. ഏകദൈവ വിശ്വാസം നിലവിലിരുന്ന സാമൂഹ്യ സംവിധാനത്തിൽ ഏതുതരത്തിലുള്ള അസമത്വവും ദൈവസങ്കല്പത്തിനു വിരുദ്ധമാണെന്ന് അദ്ദേഹം പറഞ്ഞു. സ്നേഹവും സത്യവും കരുണയും നീതിയുമാണ് ഏതു മതത്തിന്റെയും അടിസ്ഥാനശിലയെന്നും അത് പ്രാവർത്തികമാകുമ്പോൾ സമൂഹത്തിലെ എല്ലാ പ്രശ്നങ്ങളും പരിഹൃതമാകും എന്നും അദ്ദേഹം കൂട്ടിച്ചേർത്തു. സമന്വയ ഡയറക്ടർ പ്രൊഫ. ഡോ. എം.പി. മത്തായി സ്വാമിജിയെ സദസ്സിന് പരിചയപ്പെടുത്തി. ഫാ. ഏബ്രാഹാം കാരാമ്മേൽ, ഫാ. ഷിബു കുര്യൻ, തുടങ്ങിയവർ ചോദ്യങ്ങൾ ഉന്നയിച്ച് ചർച്ചയിൽ പങ്കെടുത്തു. ഭദ്രാസന സെക്രട്ടറി ഫാ. എബ്രാഹാം കാരാമ്മേൽ സ്വാമിജിക്ക് ഉപഹാരം സമർപ്പിച്ചു. മതേതര സ്വഭാവം പ്രതിഫലിപ്പിക്കുന്ന സദസ്സ് സമ്മേളനത്തെ പ്രൗഢമാക്കി.

Printed and published by Fr. Abraham Karamel, Secretary, Kandanad East Diocese, Bishop's House, Muvattupuzha - 686 661, Ph: 0485 2832401
Managing Editor : P.J. Varghese Ph: 0485 2253209, Printed at St. George Press, Muvattupuzha